
# ബൈബിൾ സ്റ്റാൻഡാർഡ്

BIBLE STANDARD (Malayalam)
BI-MONTHLY

ദൈവരാജ്യത്തിന്റെ സുവാർത്താപത്രിക



"നിന്റെ പ്രകാശവും സത്യവും അയച്ചുതരേണമേ; അവ എന്നെ നടത്തുമാറാകട്ടെ..." (സങ്കീ. 43:3).

**BIBLE STANDARD - OUR ONLY STANDARD**

"ജാതികൾക്കായി ഒരു കൊടി ഉയർത്തുവിൻ"
യെശ. 62:10

**ENGLISH B.S. NO. 943**

ഉൾപേജുകളിൽ.... പേജ്

ഹൃദയസ്പർശിയായ വാക്കുകൾ ........................ 2


നാവിന്റെ ശക്തി ................................................ 8

അന്തിമ വിലയിരുത്തൽ ഒരു ആവശ്യം............ 17

ബൈബിൾ സംഭാഷണങ്ങൾ .......................... 21

VOL - XVII, ISSUE 4 JULY - AUGUST 2024

# ഹൃദയസ്പർശിയായ വാക്കുകൾ
## TOUCHING WORDS




നമ്മുടെ അരുമനാഥനായ കർത്താവായ യേശു സകല പാപങ്ങളുടേയും മോചനത്തിനുള്ള കൃപയാണ്. ഈ കൃപയുടെ ലക്ഷ്യം, നമ്മുടെ വീണ്ടെടുപ്പുകാരനും ന്യായാധിപനും നമ്മുടെ അരുമനാഥനും കർത്താവുമായവന്റെ മഹാത്യാഗത്തിലൂടെ ദൈവത്തിന് സ്വീകാര്യരായ ദാസന്മാരാകാൻ നമ്മെ അനുവദിക്കുകയോ യോഗ്യരാക്കുകയോ ചെയ്യുക എന്നതാണ്. അതെ, യേശു തന്റെ യിസ്രായേലിനെ ന്യായം വിധിക്കും. യോഹന്നാൻ 5:22 -ൽ എഴുതിയിരിക്കുന്ന ആ വിലയേറിയ വാക്കുകൾ നമുക്ക് പരിചിന്തിക്കാം, ദൈവം "ന്യായവിധി എല്ലാം പുത്രനു കൊടുത്തിരിക്കുന്നു." അവനാണ് ന്യായാധിപൻ, ആ ഒരു സത്യസഭ മാത്രമല്ല, നാമെല്ലാവരും, സകല മനുഷ്യരാശിയുമായി മുഴുലോകവും തക്കസമയത്ത് ക്രിസ്തുവിന്റെ ന്യായാസനത്തിന് മുമ്പിൽ നിൽക്കേണ്ടവരാണ്. ദൈവീക വചനങ്ങളുടെ പുസ്തകത്തിൽ വെളി. 20:12 ൽ പറയുന്നു, "മരിച്ചവർ ആബാലവൃദ്ധം ദൈവസന്നിധിയിൽ നിൽക്കുന്നതും ഞാൻ കണ്ടു; പുസ്തകങ്ങൾ തുറന്നു" ഈ വാക്യത്തിലെ പുസ്തകങ്ങൾ, പഴയ-പുതിയ നിയമ എഴുത്തുകളാണ്, ഇവയെ എല്ലാ സമർപ്പിതരായ ദൈവമക്കളും അവശ്യം പരിചിതമാക്കേണ്ടതാണ്. "പുസ്തകങ്ങൾ തുറക്കപ്പെട്ടിരിക്കുന്നു" എന്നതിന്റെ ആശയം പൂർണ്ണമായും വ്യക്തമായും അവ മനസ്സിലാക്കപ്പെടുകയും, അങ്ങനെ "വഴിപോക്കർ, ഭോഷന്മാർ പോലും വഴി തെറ്റിപ്പോകയില്ല" (യെശ. 35:8) എന്നുമാണ്.

വെളി. 20:12 തുടരുന്നത്, "ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകം തുറന്നു; പുസ്തകങ്ങളിൽ എഴുതിയിരുന്നതിന് ഒത്തവണ്ണം മരിച്ചവർക്ക് അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി." ഇവിടെ ജീവന്റെ രണ്ടു പുസ്തകങ്ങൾ ഉള്ളതായി നാം കാണുന്നു – ഒന്ന് തിരഞ്ഞെടുക്കപ്പെട്ടവർക്കും മറ്റൊന്ന് തിരഞ്ഞെടുക്കപ്പെടാത്തവർക്കും. കർത്താവിന്റെ "ആടുകൾ" അല്ലെങ്കിൽ യോഗ്യരാകുന്നവരുടെ പേരുകൾ രേഖപ്പെടുത്തുന്നതിനായി, നിത്യജീവന് അർഹരായവരെ ഈ പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിരിക്കും. "അവരുടെ പ്രവൃത്തികൾക്കടുത്ത [അനുസൃതമായ]" എന്ന വാക്കുകളോടെയാണ് ഈ തിരുവെഴുത്ത് അവസാനിക്കുന്നത്. തിരഞ്ഞെടുപ്പിൽ ഉൾപ്പെടാത്തവരെ, അവരുടെ അപൂർണ്ണ പ്രവൃത്തികളെ മഹാമധ്യസ്ഥൻ അംഗീകരിക്കും; എന്നാൽ അവർ ജീർണ്ണാവസ്ഥയിൽ നിന്ന് ഉയരുമ്പോൾ, അവരിൽ നിന്ന് കൂടുതൽ ആവശ്യപ്പെടും. ഒടുവിൽ പൂർണത കൈവരിക്കുന്നതിനായി പ്രവൃത്തികളുടെ പൂർണത ആവശ്യമാകുന്നു. സഹസ്രാബ്ദയുഗത്തിന്റെ അവസാനത്തോടെ, ശേഷിക്കുന്ന എല്ലാവർക്കും പൂർണ്ണ പ്രവൃത്തികൾ ആവശ്യമാവുകയും, അവർക്ക് പൂർണ്ണ പ്രവൃത്തികൾ സാധ്യമാവുകയും ചെയ്യും.

**"അരുമനിധിയായ കർത്താവേ എന്റെ കരങ്ങളെ എടുക്കുക":** മനുഷ്യന്റെ കൈകൾ ഏറ്റവും ശ്രദ്ധേയമായ ഒന്നാണ്. നാം നമ്മുടെ കൈകൾ കൊണ്ട് നമ്മുടെ വികാരങ്ങളെ പ്രകടിപ്പിക്കുന്നു. ചുരുട്ടിപ്പിടിച്ച മുഷ്ടികൾ മറ്റൊരുവനെ ആക്രമിച്ച് മുറിപ്പെടുത്താനുമുള്ള ഉദ്ദേശ്യത്തെ കാണിക്കുന്നു. ഹസ്തദാനം മറ്റൊരാളോടുള്ള നമ്മുടെ ഐകമത്യത്തെയും സൗഹൃദത്തെയും, എഴുതുന്നത് അല്ലെങ്കിൽ ടൈപ്പ് ചെയ്യുന്നത് നമ്മുടെ ചിന്തകളേയും സങ്കല്പങ്ങളേയും, മരത്തിൽ കയറുന്നതും അതിന്റെ ഫലങ്ങളെ പറിക്കുന്നതും, ഒരു ശിശുവിന്റെ കൈകളെ ആർദ്രതയോടെ പിടിച്ചു സുരക്ഷിതമായി അതിനെ ഭാവിയിലേക്ക് നയിക്കുന്നതും, ഒരു സുഹൃത്തിനു വലംകൈയ്യാൽ കൂട്ടായ്മയുടെ ആശംസകൾ നേരുന്നതുമായി നമ്മുടെ തുറന്ന കൈകൾ വ്യത്യസ്ത വികാരങ്ങളെ പ്രദർശിപ്പിക്കുന്നു. ഈ പാഠത്തിന് അനുയോജ്യമായ മറ്റൊരു തിരുവചനമാണ് സങ്കീ. 16:11, "ജീവന്റെ വഴി നീ എനിക്ക് കാണിച്ചുതരും; നിന്റെ സന്നിധിയിൽ സന്തോഷപരിപൂർണ്ണതയും നിന്റെ വലത്തുഭാഗത്ത് എന്നും പ്രമോദങ്ങളുമുണ്ട്." നമ്മുടെ കൈകൾ നമ്മൾ ആരാണെന്ന് സൂചിപ്പിക്കുകയും

ബുദ്ധിമാനായ ഒരു സ്രഷ്ടാവിന്റെ ശക്തി സ്പഷ്ടമാക്കുകയും ചെയ്യുന്നു. നമ്മുടെ കൈകൾ നമ്മുടെ ഇഷ്ടവും ഉദ്ദേശ്യവും സൂചിപ്പിക്കുന്നതുപോലെ, ദൈവത്തിന്റെ വലംകൈയ്യായി ക്രിസ്തു, സ്വർഗ്ഗീയപിതാവിനെ നമ്മെ അറിയിക്കുകയും, ദൈവത്തിന്റെ ശക്തനായവനായി, അവന്റെ പദ്ധതിയുടെ ഉദ്ദേശ്യങ്ങൾ നിറവേറ്റുകയും ചെയ്യുന്നു. എല്ലാം പുത്രനിലൂടെ പിതാവിൽ നിന്നുള്ളതാണ് (1 കൊരി. 8:6).

ക്രിസ്തു ദൈവത്തിന്റെ വലംകൈയ്യാണ്. പിതാവ് നമ്മെ തന്നിലേക്ക് അടുപ്പിക്കുന്നതും, മരണക്കുഴിയിൽ നിന്ന് കരകയറ്റുന്നതും, ആത്മീയ പീഡകളിൽ നിന്ന് നമ്മെ സംരക്ഷിക്കുന്നതും, ഒരു കുശവൻ കളിമണ്ണിനെ എന്നപോലെ നമ്മെ രൂപപ്പെടുത്തുന്നതും, നമ്മുടെ സങ്കടക്കണ്ണീർ തുടയ്ക്കുന്നതും, നമ്മുടെ ധൈര്യം ചോരുന്ന വേളകളിൽ നമ്മെ താങ്ങുന്നതും, നാം വഴി വിട്ട് പോകുമ്പോൾ ശിക്ഷണങ്ങളാൽ തിരുത്തുന്നതും, പിന്നെ  നാം നല്ലത് ചെയ്യുമ്പോൾ നമ്മുടെ പുറത്ത് തട്ടി, "നന്നു, നല്ലവനും വിശ്വസ്തനുമായ ദാസനേ!" എന്ന് പറയുന്നതുമെല്ലാം ദൈവത്തിന്റെ കരം എന്ന നിലയിൽ ക്രിസ്തുവിലൂടെയാണ്. പിന്നേയും നാം എന്ത് ചെയ്യേണം? 1 പത്രൊ. 5:6 പറയുന്നു, "അതുകൊണ്ടു അവൻ തക്കസമയത്ത് നിങ്ങളെ ഉയർത്തേണ്ടതിന് ദൈവത്തിന്റെ ബലമുള്ള കൈക്കീഴ് താണിരിപ്പിൻ."

സ്വയം ഉയർത്താനും ഒരു എതിർസാമ്രാജ്യം സ്ഥാപിക്കാനും തക്കവിധം യഹോവയ്ക്ക് ഉപരിയായി ചിന്തിക്കാൻ ആ എതിരാളി  എത്രമാത്രം ഹ്രസ്വദൃഷ്ടിയുള്ളവനായിരുന്നു! വൈകാതെ സാത്താന്റെ വിഡ്ഢിത്തം വെളിപ്പെടും. പിതാവിന്റെ ഇഷ്ടത്തിനു വിധേയനായി സ്വയം താഴ്ത്തിയ ആ ഒരുവൻ (യേശു) രാജാധികാരത്തിലേക്കും, പ്രപഞ്ചരാജ്യത്തിൽ പിതാവിന്റെ വലതുഭാഗത്തേക്കും അത്യധികം ഉയർത്തപ്പെട്ടിരിക്കുന്നു, എന്നാൽ ആ രാജ്യത്തെ പിടിച്ചെടുക്കാൻ ശ്രമിച്ചവൻ (സാത്താൻ) ഒടുവിൽ പൂർണമായി ബന്ധിക്കപ്പെടുകയും നശിപ്പിക്കപ്പെടുകയും ചെയ്യും.

"എന്നെ മുന്നോട്ട് നയിക്കുക": ഒരുവേള ഇത് കർത്താവിന്റെ പ്രാർത്ഥനയുടെ ഒരു ഭാഗത്തേക്ക് നമ്മുടെ ശ്രദ്ധയെ കൊണ്ടുവരുന്നു, "ഞങ്ങളെ പ്രലോഭനത്തിലേക്ക് നയിക്കരുതേ, തിന്മയിൽ നിന്ന് ഞങ്ങളെ വിടുവിക്കേണമേ" (മത്താ. 6:13). നേരിടാൻ കഴിയാത്ത വിധം കഠിനമായ ഒരു പ്രലോഭനവും നമ്മുടെമേൽ വരാതിരിക്കാൻ ദൈവം നമ്മെ നയിക്കണമെന്ന് ഈ വാചകത്തിലൂടെ നാം ആവശ്യപ്പെടുന്നു. ഇതിന് ഒരുപക്ഷേ ഈ കാലത്തെക്കാൾ വലിയ ആവശ്യം മുമ്പൊരിക്കലും ഉണ്ടായിട്ടില്ല. നാം "ദൈവവചന"ത്തിൽ നിന്നും കൂടുതൽ കൂടുതൽ പങ്കുപറ്റുമ്പോൾ അത് "തേൻപോലെ മധുരമുള്ള"തായി കാണപ്പെടുകയും, അത് എത്രയധികം "കഴിക്കുന്നു"വോ അത്രയും മധുരമാകുകയും ചെയ്യും. എന്നിരുന്നാലും, അനന്തരഫലങ്ങൾ എല്ലായ്പ്പോഴും പീഡനത്തിന്റെ കയ്പ്പും ദൈവസത്യവചനത്തിന്റെ മാധുര്യവും കൂടിക്കലർന്നതാണ്. ദൈവം തന്റെ വിശുദ്ധഗ്രന്ഥത്തിലൂടെ സമർപ്പിതരെ തന്റെ തേൻ ഭക്ഷിക്കാനായി ക്ഷണിക്കുന്നു, യിരെ. 15:16 -ൽ പറയുന്നത്, "ഞാൻ നിന്റെ വചനങ്ങളെ കണ്ടെത്തി ഭക്ഷിച്ചിരിക്കുന്നു; നിന്റെ വചനങ്ങൾ എനിക്കു സന്തോഷവും എന്റെ ഹൃദയത്തിന് ആനന്ദവുമായി." അതെ, ജ്ഞാനം അതിനെ സ്നേഹിക്കുകയും ഉത്സാഹത്തോടെ അന്വേഷിക്കുകയും ചെയ്യുന്നവരെ സ്നേഹിക്കുകയും നന്മകളെ വരുത്തുകയും ചെയ്യുന്നു. ജ്ഞാനം എന്നത് അതിന്റെ ഉറവിടമായ യഹോവയിൽ നിന്നും, അതുപോലെ തന്നെ ദൈവത്തിനുവേണ്ടി പ്രവർത്തിക്കുകയും, നമ്മെ പച്ചയായ മേച്ചിൽപ്പുറങ്ങളിലേക്കും നിശ്ചലമായ വെള്ളത്തിനരികിലേക്കും നയിക്കുന്ന നമ്മുടെ കർത്താവായ യേശുവിൽ നിന്നുമുള്ള സ്നേഹത്തിന്റെ പ്രകടനമാണ്. അവരുടെ സ്നേഹാനുകമ്പയുടെ ആഴങ്ങളെ അറിയാനുള്ള ആഗ്രഹത്താൽ നയിക്കപ്പെടുന്നവരിൽ അവരുടെ തീക്ഷ്ണമായ സ്നേഹം പ്രത്യേകിച്ചും പ്രകടമാണ്. ഇപ്രകാരം നയിക്കപ്പെടാൻ ആഗ്രഹിക്കുന്ന ദൈവപൈതലിനോടായി മത്താ. 7:7,8 -ൽ ദൈവവചനം പറയുന്നത്, "യാചിപ്പിൻ, എന്നാൽ നിങ്ങൾക്ക്  കിട്ടും; അന്വേഷിപ്പിൻ, എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ, എന്നാൽ നിങ്ങൾക്ക് തുറക്കും. യാചിക്കുന്ന ഏവനും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടുന്നവനു തുറക്കും". അതിനും ഉപരിയായി വെളി. 3:20 പറയുന്നു: "ഇതാ, ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു: ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും." എത്ര വിലയേറിയതായ വാഗ്ദാനങ്ങൾ! ഹാ, ദൈവം തന്റെ മക്കളെ സത്യാവബോധത്തിന്റെ വിവിധ ആരംഭദശകളിൽ നിന്ന് നയിക്കുകയും, നമ്മോടുള്ള അവന്റെ പരമമായ സ്നേഹത്തിന്റെ തിരിച്ചറിവിലേക്കും, സ്വന്ത ഗർവ്വഭംഗത്തിലേക്കും നയിക്കുന്നു. "നിന്റെ സത്യത്തിൽ എന്നെ നടത്തി എന്നെ പഠിപ്പിക്കേണമേ; നീ എന്റെ രക്ഷയുടെ ദൈവമാകുന്നുവല്ലോ;

ദിവസം മുഴുവനും ഞാൻ നിങ്കൽ പ്രത്യാശവെക്കുന്നു" (സങ്കീ. 25:5).

"**എന്നെ നിലനിർത്തുക**":" നമ്മിൽ പലരും ഈ അരാജകത്വം നിറഞ്ഞ ദുഷ്ടലോകത്തിൽ ഒറ്റപ്പെട്ടു നിൽക്കുന്നു. ഈ ലൗകിക ജീവിതത്തിൽ നിന്ന് പുറത്തേക്ക് ഒരു വഴി എങ്ങനെ കണ്ടെത്തുമെന്ന് അറിയാതെ, ദിശയറിയാതെ നാം നടന്നു. ദൈവത്തിന്റെ തക്കസമയത്ത് നാം ചില വിശ്വാസപരമായ കാര്യങ്ങളുമായി പരിചയപ്പെടുകയും തുടർന്ന് അല്പമായി തിരുവെഴുത്തുകളുടെ പഠനങ്ങളിലേക്ക് ആകർഷിക്കപ്പെടുകയും അതിനോടു പ്രതിപത്തിയുള്ള ഏതാനും ആളുകളിൽ ആശ്രയം കണ്ടെത്തുകയും ചെയ്തു. അതെയെങ്കിലും, നീതിയെസംബന്ധിച്ച കുറച്ച് പഠനത്തിന് ശേഷം, ദൈവം നാം ഏകനായി നിൽക്കാനും സമ്പൂർണ്ണ സമർപ്പണത്തിലേക്കും കർത്താവിന്റെ മാർഗനിർദേശത്തിൽ ആശ്രയിക്കാനും ക്ഷണിച്ചു. പിന്നീട് നമ്മുടെ ആത്മനിയന്ത്രണത്തിൽ ക്ഷമയെ കൂട്ടി സ്വഭാവം വളർത്താനും അങ്ങനെ പ്രതിബന്ധങ്ങൾക്കിടയിലും നന്നായി പ്രവർത്തിക്കാനും സ്വയം നിയന്ത്രിക്കാനും നമ്മെ ക്ഷണിച്ചു. ലോകത്തിൽ നിന്നും സഭാകാര്യങ്ങളിൽ നിന്നും നമ്മുടെ സ്വാതന്ത്ര്യം പ്രഖ്യാപിച്ചുംകൊണ്ട് ദൈവം നമ്മോട് ഒറ്റയ്ക്ക് നിൽക്കാൻ ആവശ്യപ്പെടുന്നു. സ്വന്തം ബോധ്യങ്ങളിൽ ഒറ്റയ്ക്ക് നിൽക്കാൻ അവൻ നമ്മോട് ആവശ്യപ്പെടുകയായിരുന്നു. ഈ ആവശ്യമായ പ്രവർത്തനത്തിൽ നമ്മുടെ പഴയ ശീലങ്ങൾ മറികടക്കാൻ അനിവാര്യമായ സഹായം നമുക്ക് നൽകി. എന്നിരുന്നാലും, പാപത്തിന്റേയും സ്വാർത്ഥതയുടെയും ചെളിക്കുണ്ടിൽ ആഴ്ന്നിറങ്ങുകയും, തൽഫലമായി നിരവധി നികൃഷ്ട സ്വഭാവങ്ങളുള്ളവരുമായിത്തീർന്ന ചിലർക്ക്, ഈ എല്ലാ സഹായങ്ങളോടൊപ്പം, ഒരുവിധം നല്ലതും കുലീനവുമായ കഥാപാത്രങ്ങളായി മാറുന്നതിന് ആ മഹാഅധ്യാപകന്റെ കീഴിൽ വർഷങ്ങളോളം സ്കൂൾ പരിശീലനവും അച്ചടക്കവും ആവശ്യമായി വന്നേക്കാം. ഈ ജീവിതത്തിന് എന്തെങ്കിലും അർത്ഥമുണ്ടാകണമെങ്കിൽ, നാം ഒറ്റയ്ക്കാണെന്നാലും, ക്രിസ്തുവിനും സത്യത്തിനും വേണ്ടി നിലകൊള്ളണം. അതെ, ദൈവമെ അനുഗ്രഹിക്കണമേ, ഞങ്ങൾ ഒറ്റയ്ക്കല്ല നിൽക്കുന്നതെന്നും മുമ്പ് അറിയാത്ത നിരവധി സ്നേഹിതർ ഒപ്പമുണ്ടെന്നും ഞങ്ങൾ കാണുന്നു. സ്ഥിരോത്സാഹിയും കഠിനാധ്വാനിയുമായ ഒരു മനുഷ്യന് നമ്മുടെ നാഥനിലൂടെയും യജമാനനിലൂടെയും അത് നേടാനാകുമെന്ന് നാം മുന്നമേ അറിയുന്നു.

"**ഞാൻ ക്ഷീണിതനാണ്**": ശാരീരിക അദ്ധ്വാനത്താലോ മാനസിക ജോലികളാലോ ആയ തളർച്ച മനുഷ്യരാശിക്ക് ക്ഷീണം ഉണ്ടാക്കുന്നു. സമർപ്പിതമക്കൾ എന്ന നിലയിൽ നാം സത്യവചനത്തിന്റെ സംരക്ഷകരായിത്തീരണം. ക്ഷീണം വരുത്തുന്നവയുടെ മേൽ വിജയത്തിനായി നാം പോരാടണം. അപ്പൊസ്തലനായ പൗലൊസ് പറഞ്ഞത്: "...ആകാശത്തെ കുത്തുന്നതുപോലെയല്ല ഞാൻ മുഷ്ടിയുദ്ധം ചെയ്യുന്നത്" (1 കൊരി. 9:26). പാസ്റ്റർ റസ്സൽ തന്റെ ക്ഷീണത്തെ വിവരിച്ചതിപ്രകാരമാണ്: "ഞാൻ ക്ഷീണിതനാണ്; എന്റെ ശരീരം ക്ഷീണിച്ചിരിക്കുന്നു; എന്റെ അസ്ഥികൾ ക്ഷീണിച്ചിരിക്കുന്നു; എന്റെ അസ്ഥികളുടെ മജ്ജ തളർന്നിരിക്കുന്നു; ഞാൻ ആകെ പരിക്ഷീണിതനാണ്". യിരെമ്യ. 45:3 ഈയൊരു ചിന്ത നമ്മുടെ മനസ്സിലേക്ക് കൊണ്ടുവരുന്നു, എന്റെ സങ്കടത്തിന്റെ കാഠിന്യത്താൽ ഞാൻ ക്ഷീണിതനാണ്, എനിക്ക് ആശ്വാസം ലഭിക്കുന്നില്ല. തോമസ് ക്രാൻമർ, താൻ നേരിട്ട കഷ്ടതകളാൽ മാനസികമായും ഇച്ഛാശക്തിയിലും തളർന്നിരിക്കെ, താൻ പ്രേരിപ്പിക്കപ്പെടുന്ന ഒരു ചെറിയ പിൻമാറ്റത്തിലൂടെ താൻ തടവിൽ നിന്നും മോചിതനാകുമെന്ന ധാരണയിലെത്തി. എന്നിരുന്നാലും, പാപ്പാമതാനുയായികളുടെ ഉദ്ദേശ്യം ഇതായിരുന്നില്ല. അദ്ദേഹം തന്റെ പിന്മാറ്റം പരസ്യമായി നടത്തിയാലുടൻ അവനെ ചുട്ടെരിക്കാൻ അവർ ഉദ്ദേശിച്ചിരുന്നു. എന്നാൽ, ക്രാൻമറിന്റെ ധൈര്യം ഉണർന്നെഴുന്നേൽക്കുകയും, അഗാധമായ പശ്ചാത്താപത്തോടെ തന്റെ ഭീരുത്വത്തിൽ വളരെ ദുഃഖം പ്രകടിപ്പിക്കുകയും, താൻ തെറ്റ് ചെയ്തതിന്റെ തെളിവായി, പിൻമാറ്റത്തിൽ ഒപ്പിട്ട തന്റെ വലതു കൈ ആദ്യം അഗ്നിജ്വാലയിൽ എരിക്കണമെന്ന് പറയുകയും ചെയ്തു.

ഒരിക്കൽ നമ്മുടെ കർത്താവ് ഉഷ്ണമേറ്റ് ക്ഷീണിതനായി യാക്കോബിന്റെ കിണറിനു സമീപം ഇരിക്കുകയായിരുന്നു (യോഹ. 4:6). അപ്പോൾ ഒരു ശമര്യാസ്ത്രീ വെള്ളം കോരുവാൻ എത്തുകയും അവൻ അവളോട് അല്പം വെള്ളം കുടിക്കാൻ ചോദിക്കുകയും ചെയ്തു. ഈ സ്ത്രീ അവനു കുടിക്കാൻ കൊടുത്തു, പകരം നമ്മുടെ കർത്താവ് ജീവജലത്തെക്കുറിച്ച് അവളോട് പറഞ്ഞുകൊണ്ട് അവനുള്ളതിൽ ഏറ്റവും മികച്ചത് അവൾക്ക് നൽകി. നമുക്ക് എത്ര നല്ല പാഠമാണിത്! ഇവിടെ യേശു, ദൈവപുത്രൻ, ആ മഹാലോഗോസ് ആയിരുന്നവൻ നമുക്ക് വേണ്ടി സ്വയം സമർപ്പിച്ചുകൊണ്ട് നമ്മുടെ മറുവിലയായിത്തീരുന്നതിനായി ഈ ലോകത്തിലേക്ക്

വന്നു. അവൻ ഉഷ്ണവും ക്ഷീണവും മൂലം തളർന്നിരുന്നപ്പോഴും ഒരു സ്ത്രീയോടും തന്റെ ശുശ്രൂഷയെ ചെയ്തു. നമുക്ക് അവസരമുള്ളപ്പോൾ എല്ലാവർക്കും നന്മ ചെയ്യുന്നതിനുള്ള എത്ര ശക്തമായ മാതൃക! നാം




നന്മ ചെയ്യുന്നതിൽ വിശ്വസ്തരാണെങ്കിൽ, അതിൽ നാം അനിവാര്യമായും ക്ഷീണിതരാകുകയും, അത് സമർപ്പണത്തിലെ വിശ്വസ്തതയുടെ അവിഭാജ്യ ഘടകമായി ദൈവത്തിന് സ്വീകാര്യമായിരിക്കുകയും ചെയ്യും.

**"ഞാൻ ബലഹീനനാണ്":** തിരുവെഴുത്തുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഏറ്റവും വിശ്വസ്തരായ ക്രിസ്ത്യാനികളിൽ ഒരാളായ അപ്പൊസ്തലനായ പൗലൊസ് തന്റെ ജീവിതത്തിന്റെ ഭൂരിഭാഗവും ജീവിച്ചിരുന്നത് തന്റെ "ജഡത്തിലെ മുള്ള്" എന്ന് അദ്ദേഹം പരാമർശിച്ച വിട്ടുമാറാത്ത ബലഹീനതയിലാണ്. അവന്റെ വൈകല്യം എന്താണെന്ന് കൃത്യമായി പറഞ്ഞിട്ടില്ല. എന്നാൽ മൂന്ന് വ്യത്യസ്ത അവസരങ്ങളിൽ ദിവ്യരോഗശാന്തിക്കായി അവൻ ദൈവത്തോട് പ്രത്യേക അഭ്യർത്ഥന നടത്തിയതായി അവൻ നമ്മോട് പറയുന്നു. എന്നിട്ടും ഈ വിശ്വാസിയായവന് സൌഖ്യം ലഭിച്ചില്ല. അവന്റെ പ്രാർത്ഥനയ്ക്കുള്ള ദൈവത്തിന്റെ ഉത്തരം ഒരു അത്ഭുതമല്ല, മറിച്ച് ഒരു വാഗ്ദാനമായിരുന്നു: "എന്റെ കൃപ നിനക്കു മതി; എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു" (2 കൊരി. 12: 9). ഈ അനുഭവത്തിലൂടെ അപ്പൊസ്തലനായ പൗലൊസ് തന്റെ ഈ അവസ്ഥയിൽ തന്നെ ദൈവത്തിൽ ആശ്രയിക്കേണമെന്ന് പഠിച്ചു. തീർച്ചയായും, തന്റെ ഈ ബലഹീനത നിമിത്തം പിതാവുമായി ആഴത്തിലുള്ളൊരു ബന്ധത്തിൽ അവനെത്തി. അതിനാൽ, "ക്രിസ്തുവിനുവേണ്ടിയുള്ള പീഡനങ്ങളിൽ, ക്ലേശങ്ങളിൽ: ബലഹീനനായിരിക്കുമ്പോൾ തന്നേ ഞാൻ ശക്തനാകുന്നു" (2 കൊരി. 12:10). അപ്പൊസ്തലൻ പറയുന്നത് തെറ്റിദ്ധരിക്കാതിരിക്കാൻ നാം ശ്രദ്ധിക്കണം. തന്റെ ബലഹീനതയിൽ അവൻ സന്തുഷ്ടനെന്നല്ല; മറിച്ച്, തന്റെ ബലഹീനതകൾക്കിടയിലും ക്രിസ്തു മതിയായവനാണെന്ന് കണ്ടെത്തിയിരിക്കുന്നതിനാൽ അവൻ സന്തോഷവാനാണ്. എല്ലാവർക്കും പ്രശ്നങ്ങളുണ്ട്. എല്ലാവർക്കും അസുഖങ്ങളുമുണ്ട്. അവിടെ നാം എങ്ങനെ ഇതിനോട് പ്രതികരിക്കണമെന്ന് ദൈവത്തോട് ചോദിക്കുക എന്നതാണ് പ്രധാന കാര്യം. നമ്മുടെ പ്രതികരണത്തിന്റെ കേന്ദ്രം വിശ്വാസമായിരിക്കണം. നമ്മുടെ വിധി എന്താണെന്ന് ദൈവത്തിനറിയാം. ജീവിതത്തിൽ നമുക്ക് എന്തെല്ലാം ചെയ്യാനാകുമെന്ന് അവനറിയാം. അതിനാൽ, പൂർണ്ണമായും നമുക്ക് അവനെ വിശ്വസിക്കാം. ജഡത്തോടും അതിന്റെ ബലഹീനതകളോടും നമുക്ക് ഒറ്റയ്ക്ക് വിജയകരമായി പോരാടാൻ കഴിയില്ലെന്നുള്ള സ്വന്ത ബലഹീനതയെ തിരിച്ചറിയുമ്പോൾ, നാം കർത്താവിൽ ശക്തരാകുന്നു.

**"ഞാൻ അവശനാണ്":** ഈ പ്രക്ഷുബ്ധമായ ലോകത്തിന്റെ ക്ലേശങ്ങളിൽ ജീവിക്കുക എന്ന വെല്ലുവിളിയും, നിരന്തരമായ ബുദ്ധിമുട്ടുകൾ അല്ലെങ്കിൽ സമ്മർദ്ദങ്ങൾ എന്നിവയാലും നാം വളരെ ക്ഷീണിതരും അവശരുമായിത്തീരാം. 1947 മെയ് 31-ന് മിഷിഗണിലെ ഡിട്രോയിറ്റിൽ നടന്ന ഒരു കൺവെൻഷനിലെ ഒരു പ്രഭാഷണത്തിൽ ജോൺസൻ സഹോദരൻ പറഞ്ഞ ഒരു അഭിപ്രായമാണിത്. ആറ് മാസം മുമ്പ്, നിങ്ങൾ എന്നെ താരതമ്യേന നല്ല ആരോഗ്യസ്ഥിതിയിൽ കണ്ടു, രണ്ട് ദിവസത്തിന് ശേഷം ഞാൻ രോഗ (കൊറോണറി ത്രോംബോസിസ്) ബാധിതനായി. എന്നാൽ ആ കഷ്ടത ദൈവം തന്റെ സ്നേഹത്താൽ എനിക്ക് തന്നതാണ്. ദൈവം ലോകത്തിന് നൽകിയത് പരിതാപത്തിന്റെ സ്നേഹമല്ല, മറിച്ച് ആനന്ദത്തിന്റെ സ്നേഹമാണ്. ദൈവം തന്റേയും യേശുവിന്റേയും പോലുള്ള ഹൃദയങ്ങളെ സ്നേഹിക്കുന്നു. അവർ അനുസരണത്തിൽ വളരുമ്പോൾ അവൻ അവരെ കൂടുതൽ സ്നേഹിക്കുന്നു, ലോകം അറിയാത്ത പല വഴികളിലൂടെ അത് തെളിയിക്കുമ്പോൾ ദൈവം അവരിൽ കൂടുതൽ സന്തോഷിക്കുന്നു. രാജാക്കന്മാരുടെ രാജാവിന് ഉപയോഗയോഗ്യമാവാനും സത്യത്തിനും നീതിക്കും വിശുദ്ധിക്കും വേണ്ടി നിലകൊള്ളാനും കഴിയുന്നത് എല്ലാ പദവികളിലും ഏറ്റവും മഹത്തായ കാര്യമാണ്. അതോടൊപ്പം ഇത് ദൈവഭാഗത്തു നിന്നുള്ള വലിയ സ്നേഹമായിരുന്നു, എന്തുകൊണ്ടെന്നാൽ പിതാവ് എന്റെ സമർപ്പണം സ്വീകരിച്ചുവെന്ന് മാത്രമല്ല, എന്റെ സമർപ്പണം ഏതാണ്ട് പൂർത്തിയാകത്തക്കവിധം ശുശ്രൂഷയ്ക്കുള്ള നിരവധി

അവസരങ്ങൾ അവൻ എനിക്ക് നൽകിയിട്ടുണ്ടെന്നും ഇത് കാണിച്ചു.

**"കൊടുങ്കാറ്റിലൂടെ":** സങ്കീ.107:29 പറയുന്നു, "അവൻ കൊടുങ്കാറ്റിനെ ശാന്തമാക്കുന്നു." പ്രകൃതിക്ഷോഭ -മേഘങ്ങൾ (storm clouds) കഴിഞ്ഞ കുറേ വർഷങ്ങളായി കൂടിവരുന്ന രീതിയാണുള്ളത്, അവ അതിവേഗം കുറയുകയും വീണ്ടും ഇരുണ്ട് വളരുകയും ചെയ്യുന്നു. നിശ്ചയമായും ഒരു മനുഷ്യനും പ്രവർത്തിക്കാൻ കഴിയാത്ത രാത്രി വരുന്നു. സമർപ്പിത ദൈവമക്കളായ നാം, നമ്മുടെ ഈ നാളുകളിലെ വിപത്തുകളിൽ പൂർണമായി ഉണർന്നും സുബോധമുള്ളവരായും പ്രാർത്ഥനയോടെ ജാഗരിക്കാം. നമുക്കുള്ളതായ തിരിച്ചറിവ് ഇല്ലാത്ത മനുഷ്യരാശി അങ്ങേയറ്റം ആശയക്കുഴപ്പത്തിൽ അല്ലെങ്കിൽ പ്രക്ഷുബ്ധമായ അവസ്ഥയിലാണ് ജീവിക്കുന്നത്. ഇവർക്ക് ഇന്നത്തെ മഹോപദ്രവകാലത്തിൽ ഭയാനകമായ ഒരു അനുഭവമായിരിക്കും ഉണ്ടാകുക, കാരണം സർവ്വശക്തനായ യഹോവ മനുഷ്യരുടെ ആവേശത്തിന്റെയും സ്പർദ്ധയുടേയും കൊടുങ്കാറ്റിനെ ലോകത്ത് ഇത്രയും ഭയാനകമായ നാശം വിതയ്ക്കാൻ അനുവദിക്കുന്നത് എങ്ങനെ, എന്തുകൊണ്ടെന്ന് അവർക്ക് മനസ്സിലാകില്ല; ഭൂമിയുടെ അപൂർണ്ണതകളുടെ ഫലമായ കൊടുങ്കാറ്റുകളും വെള്ളപ്പൊക്കങ്ങളും, ഭൂകമ്പങ്ങളും അതിന്റെ ഫലമായുണ്ടാകുന്ന സുനാമികളും, മഹാമാരികളും, പട്ടിണിയുമെല്ലാം കൃപാകരനായ സ്രഷ്ടാവ് അനുവദിച്ചിരിക്കുന്നത് എന്തുകൊണ്ടാണെന്ന് അവർക്ക് മനസ്സിലാകുന്നില്ല (ഉൽപ. 3:24).

ഈ കാര്യങ്ങളെ സംബന്ധിച്ച പൂർണ്ണവും തൃപ്തികരവുമായ ഗ്രാഹ്യം തന്റെ വിശ്വസ്തരായ ചുരുക്കം ചിലർക്ക്, യേശുവിന്റെ ശിഷ്യന്മാർക്ക് മാത്രം ലഭ്യമാകുന്ന വിധമാണ് കർത്താവ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇതിനെക്കുറിച്ച് അവൻ പ്രസ്താവിക്കുന്നത്: "യഹോവയുടെ സഖിത്വം തന്റെ ഭക്തന്മാർക്ക് ഉണ്ടാകും; അവൻ തന്റെ നിയമം അവരെ അറിയിക്കുന്നു" (സങ്കീ. 25:14). വെളി.16:21-ൽ പരാമർശിച്ചിരിക്കുന്ന കൊടുങ്കാറ്റിനെ നാം ശ്രദ്ധിച്ചാൽ, "താലന്തോളം (ഏകദേശം 75 പൌണ്ട്) ഘനമുള്ള കല്ലായി വലിയ കന്മഴ ആകാശത്തുനിന്ന് മനുഷ്യരുടെ മേൽ പെയ്തു; കന്മഴയുടെ ബാധ ഏറ്റവും വലുതാകകൊണ്ടു മനുഷ്യർ ആ ബാധ നിമിത്തം ദൈവത്തെ ദുഷിച്ചു." എന്നിരുന്നാലും, ഈ കഷ്ടങ്ങളിൽ, ഇപ്പോൾ ലോകമെമ്പാടും പൊട്ടിപ്പുറപ്പെട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളുടെ കൊടുങ്കാറ്റിനുമപ്പുറം, തിന്മയുടെ ഉന്മൂലനത്തിനും മാനവരാശിയുടെ അനുഗ്രഹത്തിനുമായി സകല ദൈവീക വാഗ്ദാനങ്ങളുടെയും ശ്രേഷ്ഠനിവൃത്തി മിശിഹായുടെ സാന്നിധ്യത്തിൽ നിന്നും വരുമെന്ന് യഹോവ വാഗ്ദാനം ചെയ്തിട്ടുണ്ട്. അന്നാളിൽ അബ്രഹാം തിരിച്ചുവരുകയും ഈ ഭൂമിയിൽ വീണ്ടും സഞ്ചരിക്കുകയും ചെയ്യും. അവനും അവനോടുകൂടെയുള്ള എല്ലാ യിസ്രായേല്യരും പ്രതിജ്ഞയോടു കൂടിയ മഹാവലിയ വാഗ്ദത്തം പാലിക്കപ്പെടുന്നത് കാണും.

**"രാത്രി ഉടനീളം":** ദൈവവചനത്തിൽ നിന്നുള്ള സത്യം നമ്മെ പ്രകാശിപ്പിക്കുകയും, അതിന്റെ ആത്മാവ് നമ്മുടെ മനസ്സിനും ഹൃദയത്തിനും വളരെയേറെ സന്തോഷവും സമാധാനവും കൈവരുത്തുകയും ചെയ്തിരിക്കുന്നു. മാമ്മോന്റെ പ്രതാപത്താൽ അന്ധരായി ഇരുളിൽ തപ്പിത്തടയുന്ന ദരിദ്രലോകം സമ്പത്തിന്റേയും സമ്മാനങ്ങളുടെയും പിന്നാലെ പായുന്നതെങ്ങനെയെന്ന് നമുക്ക് സഹതാപത്തോടെ നോക്കിക്കാണാൻ സാധിക്കും. സ്വർണ്ണത്തിന്റെ പ്രതാപം ജനത്തെ അന്ധരാക്കിയതിനാൽ, അവന്റെ ചിറകുകളിന്മേൽ രോഗശാന്തി നൽകുന്ന സഹസ്രാബ്ദത്തിന്റെ സൂര്യോദയം അവർ കാണുന്നില്ല (മലാ. 4:2). പൗലൊസ്, 2 തിമൊ. 4:3-4 -ൽ പറയുന്നത്, "അവർ പത്ഥ്യോപദേശം പൊറുക്കാതെ കർണ്ണരസമാകുമാറ് സ്വന്ത മോഹങ്ങൾക്ക് ഒത്തവണ്ണം ഉപദേഷ്ടാക്കന്മാരെ പെരുക്കുകയും സത്യത്തിന് ചെവി കൊടുക്കാതെ കെട്ടുകഥ കേൾപ്പാൻ തിരികയും ചെയ്യുന്ന കാലം വരും." ഉറങ്ങുന്നവർക്കല്ല, യഥാകാല സത്യത്തിന്റെ കാവൽക്കാർക്കു മാത്രം സന്തോഷിക്കാൻ കഴിയുന്ന കഷ്ടതയുടെ രാത്രിയിലാണ് നാം ജീവിക്കുന്നത്. അന്ധകാരത്തിന്റെ ശക്തിയിൽ നിന്ന് നമ്മെ വിടുവിക്കുകയും തന്റെ പ്രിയപുത്രന്റെ രാജ്യത്തിലേക്ക് നമ്മെ മാറ്റുകയും ചെയ്ത നമ്മുടെ ദൈവം എത്ര നല്ലവനാണ് (കൊലോ. 1:13).

യെശയ്യാ പ്രവാചകൻ പ്രസ്താവിക്കുന്നത് (21:12), "പ്രഭാതവും രാത്രിയും വന്നിരിക്കുന്നു." ഇത് ഇന്നത്തെ അവസ്ഥയുടെ ഒരു സൂചന നമുക്ക് നൽകുന്നു. ഭൂമിയിലെ കുഴപ്പങ്ങളുടെ ഇരുണ്ട രാത്രിയെക്കുറിച്ച് ദൈവം ഇവിടെ പറയുന്നു; 6,000 വർഷത്തിലേറെയായുള്ള പാപത്തിന്റെ ഭരണം അവസാനിച്ചശേഷം ഏഴാമത്തെ 1,000 വർഷ ദിനം-സഹസ്രാബ്ദം- ഇപ്പോൾ തന്നെ ആരംഭിച്ച് അതിന്റെ പ്രഭാത കിരണങ്ങൾ കടന്നുവരികയും ചെയ്തിരിക്കുന്നു. ഒരു പുതിയ ദിവസം ആരംഭിച്ചതിന് തൊട്ടുപിന്നാലെയുള്ള സൂര്യോദയത്തിലെ ഒരു ഇരുണ്ട ഭീകരാന്തരീക്ഷം പോലെയാണ് ഈ

വലിയ കഷ്ടകാലം. കഷ്ടകാലത്തിന്റെ ഭീകരാന്തരീക്ഷം ഉണ്ടായിരുന്നാലും ഇത് സന്തോഷിക്കാനുള്ള അവസരമാണ്, കാരണം പ്രഭാതം വന്നിരിക്കുന്നു. ഉടൻ തന്നെ, ലോകത്തെ ഇപ്പോൾ കീഴടക്കിയിരിക്കുന്ന പ്രശ്നത്തിന്റെ ഇരുണ്ട മേഘങ്ങൾ നീങ്ങിയതിനുശേഷം, "നീതിസൂര്യൻ [യേശുവും സഭയും] തന്റെ ചിറകിൻ കീഴിൽ രോഗോപശാന്തിയോടെ ഉദിക്കും" (മലാ. 4:2). "രാത്രിയിങ്കൽ കരച്ചിൽ വന്നു രാപാർക്കും, ഉഷസ്സിലോ ആനന്ദഘോഷം വരുന്നു" (സങ്കീ. 30:5)!

മാനുഷപാരമ്പര്യത്തിന്റേയും തത്ത്വചിന്തയുടെയും പുറന്തോടിൽ അതൃപ്തരായി, എന്നാൽ പുരോഹിത തന്ത്രങ്ങളും മനുഷ്യ കീഴ്‌വഴക്കവും മൂലമുള്ള തെറ്റും, തങ്ങളുടെ മുൻവിധികളാലും അന്ധവിശ്വാസങ്ങളാലുമുള്ള അന്ധതയാൽ കാണാൻ കഴിയാത്ത നീതിക്കു (സത്യം) വേണ്ടി വിശപ്പും ദാഹവും ഉള്ള ജനസമൂഹത്തെ യഹോവ തിരിച്ചറിയുന്നു. പ്രശ്നങ്ങളുടെ ഇരുണ്ട രാത്രി ആസന്നമാകുന്നത് അവൻ കാണുന്നു, എന്നാൽ തന്റെ ആളുകളെ അയയ്ക്കുന്നതിനുമുമ്പ്, തന്റെ ശിഷ്യൻമാരായ എല്ലാവരോടും അവർക്ക് എന്തെങ്കിലും കഴിക്കാൻ-ആത്മീയ ഭക്ഷണം, രാജ്യവുമായി ബന്ധപ്പെട്ട സത്യങ്ങൾ എന്നിവ നൽകാൻ അവൻ നിർദ്ദേശിക്കുന്നു, അത് അവർക്ക് കുറച്ച് ശക്തിയും കുറച്ച് പ്രോത്സാഹനവും നൽകും. ആ ഇരുണ്ട മണിക്കൂറിൽ "ഒരു ജാതി ഉണ്ടായതു മുതൽ ഇക്കാലംവരെയും സംഭവിച്ചിട്ടില്ലാത്തത്ര കഷ്ടകാലം" (ദാനി. 12:1) ഉണ്ടാകും.

**"എന്നെ വെളിച്ചത്തിലേക്ക് നയിക്കുക"**: വിശ്വസ്തനായ ഒരു ഇടയനെന്ന നിലയിൽ നമ്മുടെ കർത്താവ് തന്റെ ആടുകളെ മേയ്ക്കുന്നതിൽ ഒരിക്കലും പരാജയപ്പെട്ടില്ല. മീഖാ 5:4, "അവൻ നിന്നു യഹോവയുടെ ശക്തിയാൽ തന്റെ ആട്ടിൻകൂട്ടത്തെ മേയിക്കും." യേശു തന്റെ ശിഷ്യന്മാർക്ക് അപ്പൊസ്തലന്മാരുടെ നാളിൽ "യാഥാകാല സത്യം" നൽകി (2 പത്രൊ. 1:12). കൊയ്ത്തുകൾക്കിടയിലുള്ള ഇടവേളകളിൽ അവൻ അവർക്ക് ആവശ്യമായ സഹായം നൽകി, 1517-ൽ മാർട്ടിൻ ലൂഥറിന്റെ 95 തീസിസുകളുടെ വിളംബരത്തോടെ ആരംഭിച്ച പ്രൊട്ടസ്റ്റന്റ് നവീകരണത്തിന്റെ സമയത്ത് അവർക്ക് വളരെയധികം വെളിച്ചം നൽകി. ഇത് യുഗാവസാനത്തിൽ നൽകപ്പെട്ട വലിയവെളിച്ചവുമായി താരതമ്യപ്പെടുത്തുമ്പോൾ "ഒരു അല്പ സഹായം" എന്ന് വിളിക്കപ്പെടുന്നു (ദാനി. 11:34). ചെറിയ ആട്ടിൻകൂട്ടം, മഹാപുരുഷാരം, യുവവീരന്മാർ എന്നിവർക്ക് എപ്പിഫനി ദൂതന്റെ കൈയ്യാൽ ആവശ്യമായ സത്യം ലഭിച്ചു. എന്നാൽ, 1916-ൽ റസ്സൽ സഹോദരന്റെ മരണവും, 1950-ൽ ജോൺസൻ സഹോദരന്റെ മരണവും, 1979-ൽ ജോളി സഹോദരന്റെ മരണവും ഇനി സത്യം വെളിപ്പെടില്ല എന്ന ചിന്താഭേദം ഉണ്ടാക്കുകയും, അനേകം സത്യവിശ്വാസികൾ 'പുരോഗമന സത്യത്തിന് [ഈ പദം നമ്മുടെ രചനകളിൽ ഏകദേശം 700 തവണ കാണപ്പെടുന്നു] എതിരെ ഇന്നുവരെ പോരാടുകയുമുണ്ടായി.

കർത്താവിന്റെ ആടുകൾ അവന്റെ നിരന്തരമായ ഇടയ പരിപാലനത്തിലാണുള്ളത്. അവൻ അവരെ ഒരിക്കലും കൈവിടുകയോ ഉപേക്ഷിക്കുകയോ ഇല്ല. "സുവിശേഷയുഗത്തിലെ ദൈവജനത്തെ പ്രതിരൂപമായ ഈജിപ്റ്റിൽ നിന്ന് പൊരുളായ കാനാനിലേക്ക് നയിക്കാനുള്ള അവരുടെ കഴിവിൽ, സത്യത്തെയും അതിന്റെ ആത്മാവിനേയും മേഘസ്തംഭത്തിന്റേയും അഗ്നിസ്തംഭത്തിന്റേയും പ്രതിരൂപത്തിൽ (E-8, പേജ് 622) നന്നായി ചിത്രീകരിച്ചിരിക്കുന്നു. "അവിശ്വസ്തരും പ്രത്യക്ഷ വിശ്വസ്തരുമായ ആളുകൾക്ക് അവൻ ഏറിയും കുറഞ്ഞും അന്ധകാരമായി മാറിയപ്പോൾ, അവരെ തന്റെ വിശുദ്ധപർവ്വതമായ ആ രാജ്യത്തിലേക്ക് പര്യാപ്തമായ സത്യവും അതിന്റെ ആത്മാവും കൊണ്ട് വഴികാണിക്കുന്നതിലും നയിക്കുന്നതിലും അവൻ ഒരിക്കലും സ്വയം പരാജയപ്പെട്ടിട്ടില്ല. ഈ കാര്യത്തിൽ അവൻ ഒരിക്കലും അവരെ പരാജയപ്പെടുത്തുകയുമില്ല; കാരണം, പകൽ മേഘത്താൽ മൂടപ്പെട്ടും, രാതി അഗ്നിയുടെ പ്രത്യക്ഷതയിലുമാണ് അത് എല്ലായ്പ്പോഴുമായിരുന്നത്. കൂടാതെ, പ്രിയപ്പെട്ടവരേ, നാം വിശ്വസ്തരായി നിലകൊള്ളുന്നിടത്തോളം കാലം ദൈവത്തിന്റെ യഥാർത്ഥ ആളുകൾക്കിടയിൽ പ്രതിരൂപമായ അഗ്നിമേഘ സ്തംഭത്തിനായി കാക്കാം, അത് എല്ലായ്പ്പോഴും അവരുടെ മേൽ വസിക്കുന്നതായി നാം കാണും; എന്തെന്നാൽ ദൈവം അത് അങ്ങനെയാണ് രൂപപ്പെടുത്തിയത്" (E-8 പേജ് 631, 632).

മേഘസ്തംഭത്തിന്റെയും അഗ്നിസ്തംഭത്തിന്റെയും നേരിട്ടുള്ള സാമീപ്യം ഉണ്ടായിരുന്നത് സമാഗമന കൂടാരത്തിൽ മാത്രമായിരുന്നു; അത് പ്രാകാരത്തിലോ പാളയത്തിലോ നിന്നിരുന്നില്ല. പുരാതനവീരന്മാരുടെ കാര്യത്തിലെന്നപോലെ, പ്രാകാരത്തിന്റെ പൊരുളിലുള്ളവർക്കും, "ശരിയായി അനുതപിക്കുന്നവരും വിശ്വസിക്കുന്നവരുമായ" പാളയത്തിലെ സമർപ്പിതരായ താൽക്കാലിക നീതീകരണം നേടിയവർക്കും ദൈവം ഉചിതമായ പ്രകാശനവും അനുഗ്രഹവും ഇപ്പോൾ നൽകുന്നു. അതിനാൽ, പുരാതനവീരന്മാർ അവരുടെ

നാളുകളിൽ ആയിരുന്നതുപോലെ, എപ്പിഫനി പ്രാകാരത്തിലും എപ്പിഫനി പാളയത്തിലുമുള്ള സമർപ്പിക്കപ്പെട്ടവർ, ഇപ്പോൾ ദൈവത്തിന്റെ വാസസ്ഥാനത്തിരുന്ന് ജനത്തെ കാണുകയും അനുഗ്രഹിക്കുകയും ചെയ്യുന്നു. [ആത്മീയ തിരഞ്ഞെടുപ്പിൽ ഉൾപ്പെട്ടവരെല്ലാം തിരഞ്ഞെടുക്കപ്പെട്ടു കഴിഞ്ഞതിനാൽ, 'ഈ യുഗങ്ങൾക്കിടയിൽ പ്രതിഷ്ഠിക്കപ്പെടുന്ന'വരായ യുവവീരന്മാരും, എപ്പിഫനി-പാളയ സമർപ്പിതരും ഈ മഹത്തായ അനുഗ്രഹം നേടുന്നവരാണ്].


പഴയനിയമ കാലത്ത് ദൈവത്തിനു സമർപ്പിക്കപ്പെട്ടവരായ, അവന്റെ യഥാർത്ഥ ജനമായ ഹാനോക്ക്, നോഹ, അബ്രഹാം, മോശെ, ശമൂവേൽ, ദാവീദ്, യെശയ്യാവ്, യിരമ്യാവ്, ദാനിയേൽ, യോഹന്നാൻ സ്നാപകൻ തുടങ്ങിയവരുടെ കാര്യങ്ങളിൽ പ്രകടമായി കാണുന്നത് പോലെ, സമാനമായി യാഥാകാല സത്യം നൽകപ്പെട്ടു. ചില അടിസ്ഥാന തിരുവെഴുത്തുകൾ, ദൈവം തന്റെ ജനത്തിന് അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി തക്കസമയത്ത് എപ്പോഴും സത്യം നൽകുമെന്ന് നമുക്ക് ഉറപ്പുനൽകുന്നു. വിശ്വാസത്താൽ നാം അവന്റെ വാഗ്ദത്തങ്ങൾ അതിന്റെ ശരിയായ വിധത്തിൽ അംഗീകരിക്കുകയും അവ നമ്മുടേതാക്കുകയും വേണം.

യഹോവ തന്റെ സത്യത്തിന്റെ വെളിച്ചം, അന്ധകാരത്തിന്റെ പ്രവൃത്തികൾ തുറന്നുകാട്ടുന്നതിനായി തിരഞ്ഞെടുക്കപ്പെട്ടവരും, വിശ്വസ്തരുമായ തന്റെ വിളിക്കപ്പെട്ടവർക്ക് മാത്രം നൽകിയിട്ടുണ്ട്; അത് എല്ലാ തെറ്റിന്റെ പടുകുഴിയിലേക്കും പിഴവുകളിലേക്കും ധൈര്യത്തോടെയും നിർഭയമായും ശ്രദ്ധയെ ക്ഷണിക്കും. അതെ, അവന്റെ വചനം നമ്മുടെ കാലുകൾക്ക് ദീപവും നമ്മുടെ പാതയ്ക്ക് പ്രകാശവുമാണ്! വിശ്വസ്തനായ ഒരു ഇടയൻ എന്ന നിലയിൽ നമ്മുടെ കർത്താവ് തന്റെ ആടുകളെ മേയ്ക്കുന്നതിൽ ഒരിക്കലും പരാജയപ്പെട്ടിട്ടില്ല.

ദൈവത്തിന്റെ സ്നേഹപുരസ്സരമായ സംരക്ഷണത്തിൽ കഴിയുന്നതിന് ഒരു നല്ല അച്ചടക്കം ആവശ്യമാണ്. അനേകർക്കും ഈ അച്ചടക്കം ജനപ്രിയമല്ലാത്ത ഒരു കാലത്താണ് നാം ജീവിക്കുന്നത്. ഭൂരിഭാഗം പേരും സുഖഭോഗത്തിനായുള്ള സ്വാർത്ഥ ആഗ്രഹത്താൽ ഭരിക്കപ്പെടുന്നതായി തോന്നുന്നു, അവർ ഇത് അവരുടെ ജീവിതത്തിലെ പ്രധാന ലക്ഷ്യമാക്കി മാറ്റുന്നു. എതിർലിംഗത്തിലുള്ളവരോടുള്ള സ്നേഹം, ഭക്ഷണപാനീയങ്ങളോടുള്ള സ്നേഹം, പണവും മറ്റ് സ്വത്തുക്കളും സമ്പാദിക്കാനും നിലനിർത്താനുമുള്ള സ്നേഹം, യാത്രയോടുള്ള സ്നേഹം എന്നിങ്ങനെയുള്ള ആഗ്രഹങ്ങളാണ് പലരെയും പ്രധാനമായും നിയന്ത്രിക്കുന്നതെന്ന് തോന്നുന്നു. ഈ വിശാലമാക്കപ്പെട്ട സുവിശേഷയുഗത്തിന്റെ "അവസാന നാളുകളിൽ" പ്രവചിക്കപ്പെട്ടതുപോലെ, "മനുഷ്യർ സ്വസ്നേഹികളും ... ദൈവപ്രിയമില്ലാതെ ഭോഗപ്രിയരുമായിരിക്കും." (2 തിമൊ. 3:1-4).

# നാവിന്റെ ശക്തി

## THE POWER OF THE TONGUE





ഇത് തീർച്ചയായും ഒരു നല്ല തീരുമാനമാണ്. ദൈവത്തിന്റെ സമർപ്പിത ജനം എല്ലാവരും ഈ തീരുമാനം എടുക്കേണ്ടതാണ്. മറ്റ് ഏതിൽ നിന്നും വിപരീതമായി ദൈവജനം പറയുന്ന വാക്കുകളാൽ ആണ് ന്യായം വിധിക്കപ്പെടുക എന്ന് നമ്മുടെ കർത്താവ് സൂചിപ്പിക്കുന്നു. "ഹൃദയം നിറഞ്ഞു കവിയുന്നതിൽ നിന്നല്ലോ വായ് സംസാരിക്കുന്നത്," "നിന്റെ വാക്കുകളാൽ കുറ്റവിമുക്തനാക്കപ്പെടുകയും നിന്റെ വാക്കുകളാൽ കുറ്റം വിധിക്കപ്പെടുകയും ചെയ്യും." (മത്താ. 12:34,37, ഡയഗ്ലട്ട്). ഹൃദയവും നാവും അങ്ങനെ ദൈവത്തിന്റെ പ്രത്യേക നിരീക്ഷണത്തിലാണ് എന്നു മനസിലാക്കാം. ഹൃദയം വ്യക്തിപരമായ സ്വഭാവത്തെ പ്രതിനിധാനം ചെയ്യുന്നു. നാവോ സ്വഭാവത്തിന്റെ ചൂണ്ടുപലകയാകുന്നു. അതുകൊണ്ട്, "സകല ജാഗ്രതയോടും കൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക; ജീവന്റെ ഉത്ഭവം അതിൽ നിന്നല്ലോ ആകുന്നത്. വായുടെ വക്രത നിങ്കൽ

നിന്ന് നീക്കിക്കളയുക; അധരങ്ങളുടെ വികടം നിങ്കൽ നിന്ന് അകറ്റുക" (സദൃ. 4:23,24).

ശരിയായ വാക്കുകൾ സ്ഥിരമായി ഉപയോഗിക്കുന്നതിനു ശരിയായ ഹൃദയനില അനിവാര്യമാണെന്ന് ഇതിൽനിന്നു വ്യക്തമാണ്. ഒരുവന് തെറ്റായ ഹൃദയനിലയാണുള്ളതെങ്കിൽ അവൻ തിന്മ മാത്രമെ സംസാരിക്കുകയുള്ളു. "നല്ല മനുഷ്യൻ തന്റെ നല്ല നിക്ഷേപത്തിൽ നിന്ന് നല്ലതു പുറപ്പെടുവിക്കുന്നു. ദുഷ്ടമനുഷ്യൻ ദുർനിക്ഷേപത്തിൽ നിന്നു തീയതു പുറപ്പെടുവിക്കുന്നു" (മത്താ. 12:35). അതുകൊണ്ട് കർത്താവ് പറയുന്നതുപോലെ തന്റെ വിലയിരുത്തലിൽ ന്യായവിധിക്കുള്ള മാനദണ്ഡം നമ്മുടെ വാക്കുകൾ ആയിരിക്കും. തേനൂറും വാക്കുകൾ ചിലപ്പോൾ കാപട്യത്തിന്റെ മുഖംമൂടിയാണെന്നുള്ളത് വാസ്തവമാണ്. എന്നാൽ സ്വാർത്ഥപരമായ നയം തന്ത്രങ്ങൾക്കു മാറ്റം വരുത്തിയാൽ ഈ മുഖംമൂടി വീണുപോവുകയോ തെന്നി വീഴുകയോ ചെയ്യുമെന്നത് ഉറപ്പാണ്. സംഭാഷണത്തിന്റെയും പെരുമാറ്റത്തിന്റെയും ഗതിയായ വാക്കുകൾ ഹൃദയത്തിന്റെ ചൂണ്ടുപലകയാണ് എന്ന വസ്തുത നിലനിൽക്കുന്നു.

ആയതിനാൽ ഹൃദയത്തിന്റെ പ്രതിപത്തിയും മനോഭാവവും ദിവ്യകൃപയുടെ പൂർണ്ണ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനായിരിക്കണം നമ്മുടെ പ്രഥമ പരിഗണന. സത്യത്തിന്റെയും നീതിയുടെയും സകല തത്വങ്ങളും അതിൽ നിലനില്ക്കണം. ന്യായവും ദയയും സഹോദര അനുകമ്പയും സ്നേഹവും വിശ്വാസവും സൗമ്യതയും ദൈവത്തോടും ക്രിസ്തുവിനോടും ഉള്ള പരമമായ ഭയഭക്തിയാദരവുകളും, വിശുദ്ധിയുടെ സകല സൗന്ദര്യങ്ങളോടുമുള്ള തീക്ഷ്ണമായ സ്നേഹവും ജീവിതത്തിന്റെ ഭരണതത്ത്വങ്ങളായി ദൃഢമായി ഉറപ്പിക്കണം. ഈ തത്ത്വങ്ങൾ ഹൃദയത്തിൽ ഉറപ്പിക്കയും സ്ഥാപിക്കയും ചെയ്താൽ

## നാവിന്റെ ശക്തി



**സ്നേഹം – വെറുപ്പ്**
**ചിരിപ്പിക്കുക – കണ്ണീരണിയിക്കുക**
**സന്തോഷിപ്പിക്കുക – ദുഃഖിപ്പിക്കുക**
**പ്രശംസ – നിരുത്സാഹപ്പെടുത്തൽ**
**സൗഖ്യമാക്കൽ – മുറിവേൽപ്പിക്കൽ**
**ജീവൻ – മരണം**
**ജീവിപ്പിക്കൽ – മരണം വരുത്തൽ**
**ഉപദേശങ്ങൾ – ശാസനകൾ**
**വിശ്വാസം – ഭീരുത്വം**
**പ്രത്യാശ – പ്രത്യാശയില്ലായ്മ (അസാദ്ധ്യമെന്ന ചിന്ത)**
**താഴ്മ – അഹങ്കാരം**
**സത്യം – അസത്യം**
**മാന്യമായ സംസാരം – ശാപവാക്കുകൾ**
**ഗൃഹനിർമ്മാണം – നശീകരണം**
**ദൈവത്തെ സ്തുതിക്കൽ – ദൈവത്തെ പരിഹസിക്കൽ**
**ഓർക്കുക: നാവ് കേവലം രുചി അറിയുന്നതിലുപരി വളരെയേറെ ഉപയോഗമുള്ളതാണ്.**

വായ് സത്യത്തിന്റെയും ജ്ഞാനത്തിന്റെയും കൃപയുടെയും വാക്കുകൾ സംസാരിക്കും.

സദൃശ. 23:7 ൽ ഇങ്ങനെ പറയുന്നു, "ഒരുവന്റെ ഹൃദയനിരൂപണങ്ങൾ എങ്ങനെയോ, അങ്ങനെയാകുന്നു അവൻ." നമ്മുടെ പൊതുവായ ചിന്തകൾ നമ്മുടെ വാക്കുകളെയും പെരുമാറ്റത്തെയും നിയന്ത്രിക്കുന്നു. അതുകൊണ്ട് ഹൃദയത്തെ ശരിയായി നിയന്ത്രിക്കുന്നവന്റെ അധികാരത്തിലാണ് അവന്റെ വായിൽ നിന്ന് വരുന്ന വാക്കുകളും. നമ്മുടെ വഴികൾ കർത്താവിനു പ്രസാദകരമാണെങ്കിൽ, നമ്മുടെ വഴികൾ എല്ലായിപ്പോഴും നീതിയുള്ളതാണെങ്കിൽ, കേൾവിക്കാരന് പ്രബോധനമാകുമാറ് നമ്മുടെ വായ് ഹൃദയത്തിന്റെ നിറവിൽ നിന്ന് നല്ല കാര്യങ്ങൾ സംസാരിക്കും. വഴികൾ ശരിയും വിശുദ്ധവും ആണെങ്കിൽ വായിൽ നിന്ന് പുറപ്പെടുന്ന വാക്കുകളും ശരിയും വിശുദ്ധവും ആയിരിക്കും. മനുഷ്യർ പൊതുവെ തന്നത്താൻ സ്നേഹിക്കുന്നവരായതുകൊണ്ടാണ് തങ്ങളെക്കുറിച്ചു തന്നെ കൈപ്പായിട്ടും നിർദ്ദയമായിട്ടും ഉള്ള യാതൊന്നും പറയാതിരിക്കുന്നത്. എന്നാൽ ഒരുവനെ വെറുക്കുന്നവനോ, അയാളെക്കുറിച്ച് ഹൃദയത്തിൽ മോശമായി കരുതുന്നവനോ, ആ ആളിനെപ്പറ്റി കൈപ്പേറിയതോ ക്രൂരമായിട്ടുള്ളതോ ആയ കാര്യങ്ങൾ സംസാരിക്കുവാൻ ഒരു മടിയും കാണിക്കാറില്ല. "നാം എല്ലാവരും പലതിലും തെറ്റിപ്പോകുന്നു" (യാക്കോ. 3:2).

നാവ് ഏറ്റവും ഉപയോഗമുള്ള അവയവങ്ങളിൽ ഒന്നായിരിക്കകൊണ്ട്, അതിനെ നിയന്ത്രിക്കുവാൻ കടിഞ്ഞാൺ ഇടേണ്ടത് അനിവാര്യമാണ്. നാവുകൊണ്ട് നമുക്ക് ദൈവത്തെ മഹത്വപ്പെടുത്തുവാനും നിന്ദിക്കുവാനും കഴിയും. നമ്മുടെ പാഠത്തിൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം നീതിമാന്മാരുടെ സാന്നിധ്യത്തിൽ

ആയിരിക്കുന്നതിനേക്കാൾ ദുഷ്ടന്മാരുടെ സാന്നിദ്ധ്യത്തിൽ അയിരിക്കുമ്പോൾ നാം നമ്മുടെ നാവിനെ കൂടുതലായി സൂക്ഷിക്കണം. കാരണം ദുഷ്ടന്മാരുടെ കൂടെയിരിക്കുമ്പോൾ തിന്മയോടുള്ള ആഭിമുഖ്യവും പ്രവണതകളും കൂടിയിരിക്കും. അത്തരം സമയങ്ങളിൽ നന്മയുടെ നേർക്ക് അനുകമ്പാ മനോഭാവികളായിരിക്കുന്നവർക്കു കൂടെ തങ്ങളുടെ നാവുകളെ കടിഞ്ഞാണിടാൻ വളരെ പ്രയാസമായിരിക്കും. ഇങ്ങനെയുള്ള ദുഷ്ടന്മാരോടു നല്ല കാര്യങ്ങൾ സംസാരിക്കുന്നതിലും ഉത്തമം നീതിമാന്മാരോട് ഇടപെടുന്നതിനുള്ള സ്വാതന്ത്ര്യം പ്രയോജനപ്പെടുത്തുന്നതാണ്. നമ്മുടെ കർത്താവ് ഇങ്ങനെ നിർദ്ദേശിക്കുന്നു, "വിശുദ്ധമായത് നായ്ക്കൾക്ക് കൊടുക്കരുത്; നിങ്ങളുടെ മുത്തുകളെ പന്നികളുടെ മുമ്പിൽ ഇടുകയുമരുത്; അവ കാൽകൊണ്ട് അവയെ ചവിട്ടുകയും തിരിഞ്ഞ് നിങ്ങളെ ചീന്തിക്കളയുകയും ചെയ്യുവാൻ ഇടവരരുത്" (മത്താ. 7:6).

ലോകത്തിൽ ദുഷിച്ച സ്വഭാവമുള്ളവരെ കൂടാതെ, തിരുവെഴുത്തുകൾ ദുഷ്ടൻ എന്നു വിളിക്കുന്ന, ദൈവത്തെക്കുറിച്ച് അറിവുണ്ടെങ്കിലും തനിക്കെതിരായി നിൽക്കുന്ന മനുഷ്യരും ഉണ്ട്. യുദാ ഈ ഗണത്തിൽപ്പെട്ട ഒരുവനായിരുന്നു. "ആ മനുഷ്യൻ ജനിക്കാതിരുന്നു എങ്കിൽ അവനു കൊള്ളായിരുന്നു" (മത്താ. 26:24). പ്രതികൂലമായ മനോഭാവം പുലർത്തുന്നവരും നമുക്കിടയിലുണ്ട്. തിരിച്ചറിവിന്റെ പരിശുദ്ധാത്മാവിന്റെ പങ്കാളികളായിരുന്നിട്ടും "വഴിക്കും സത്യത്തിനും ജീവനും" എതിരെ പുറംതിരിഞ്ഞു നിൽക്കുന്നവരെപോലെ എല്ലാവരും അത്ര വിദ്വേഷികളും നിന്ദ്യരും ആണെന്ന് തോന്നുന്നില്ല (യോഹ. 14:6; എബ്രാ. 6:4-6; 2 പത്രൊ. 2:1). വലിയ വെളിച്ചത്തിനെതിരെ പാപം ചെയ്തതുകൊണ്ട്, ഏറെ ആക്ഷേപാർഹമായ സ്വഭാവമുള്ളവരാകയാൽ അങ്ങനെയുള്ളവർ മറ്റു ദുഷിച്ചവരേക്കാൾ കൂടുതൽ ദുഷിക്കപ്പെട്ടവരാകും. നാം എത്ര ശ്രദ്ധാലുക്കളായിരുന്നാലും ഇത്തരം വ്യക്തികൾ നമ്മുടെ വാക്കുകളെ വളച്ചൊടിച്ച് നാം യഥാർത്ഥത്തിൽ പറയാതിരുന്നത് പറഞ്ഞുവെന്ന് ആരോപിച്ച് നമ്മളെ ചതിക്കുഴിയിൽ പെടുത്തും.

തിരുവെഴുത്തിലെ മുന്നറിയിപ്പ് നാവിനെതിരെ അല്ല, പിന്നെയോ നാവിന്റെ തെറ്റായ ഉപയോഗത്തിൽ കൂടി മറ്റുള്ളവർക്ക് എതിരെ നാവിന്റെ ശക്തി പ്രയോഗിക്കുന്നതിനെക്കുറിച്ചാണ്. നന്മയ്ക്കായാലും തിന്മയ്ക്കായാലും ശരീരത്തിലുള്ള മറ്റേത് അവയവങ്ങളെക്കാളും നാവിനുള്ള സ്വാധീനം വളരെ ശക്തിയേറിയതാണ് എന്ന് അനുഭവപരിചയമുള്ളവർക്ക് ഒരുപോലെ പറയാൻ കഴിയും. അതെ "നാവിന് എല്ലില്ലാത്തതിനാൽ അതിനെ ഏത് ദിശയിലേക്കു വേണമെങ്കിലും തിരിക്കാൻ കഴിയും."

## യാക്കോബ് നാവിന്റെ അധികാരത്തെ തെളിയിച്ചു സംസാരിക്കുന്നു

"യഹോവേ, എന്റെ വായ്ക്ക് ഒരു കാവൽ നിർത്തി എന്റെ അധരദ്വാരം കാക്കേണമേ" (സങ്കീ. 141:3). നാവിന്റെ അധികാരത്തെക്കുറിച്ച് അപ്പൊസ്തലനായ യാക്കോബ് സ്പഷ്ടമായ ഒരു വിശദീകരണം നൽകുന്നു (യാക്കോ. 3:1-12). അദ്ദേഹം പറയുന്നു, "നാം എല്ലാവരും പലതിലും തെറ്റിപ്പോകുന്നു; ഒരുത്തൻ വാക്കിൽ തെറ്റാതിരുന്നാൽ അവൻ ശരീരത്തെ മുഴുവൻ കടിഞ്ഞാണിട്ട് നടത്തുവാൻ ശക്തനായി സൽഗുണപൂർത്തിയുള്ള പുരുഷൻ ആകുന്നു (വാക്യം 2, ARV). ക്രിസ്തുവിൽ വളർച്ചയുള്ളവർ ഇനി ശിശുക്കളല്ല മുതിർന്നവരാണ്. അവരുടെ വളർച്ചയ്ക്ക് ആനുപാതികമായി സ്വഭാവത്തിന്റെ ഏറ്റവും വിപ്ലവകാരിയായ നാവിനെ കടിഞ്ഞാണിടാൻ അവർ സമർത്ഥരാകും. അതുകൊണ്ട് അവരിലെ വിപ്ലവവീര്യം കുറഞ്ഞ അംഗങ്ങളായ കൈകളെയും പാദങ്ങളെയും കണ്ണുകളെയും ചെവികളെയും, വാസ്തവത്തിൽ "മുഴുശരീരത്തെയും" നിയന്ത്രിക്കുവാൻ അവർക്ക് പ്രയാസം കുറവായിരിക്കും. അങ്ങനെ അവർ പക്വതയുള്ള വളർച്ച പ്രാപിച്ച വ്യക്തികളാണ് എന്ന് തെളിയുന്നു. കൂടാതെ അവർ തിരുവെഴുത്തിലെ ചിന്തയായ ക്രിസ്തുസാദൃശ്യത്തിൽ പെരുമാറ്റം തികഞ്ഞവരായി "തികഞ്ഞവരും പൂർണ്ണരും ആക്കപ്പെടും" (യോഹ. 17:23; എബ്രാ. 13:21; 1 പത്രൊ. 5:10; 1 യോഹ. 4:17,18; E6, p. 345 താഴെഭാഗം).

ചിന്തയിലും വാക്കിലും പ്രവർത്തിയിലും പാപത്തിൽ നിന്നും മുക്തമായിരിക്കും നമ്മുടെ വീഴ്ചഭവിച്ച ജഡം എന്ന് നാം പ്രതീക്ഷിക്കരുത് (1 യോഹ. 1:8); ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നതിന് നമ്മുടെ ശരീരത്തെ നാം കീഴ്പ്പെടുത്തുന്നതിന് ആനുപാതികമായിട്ടായിരിക്കും നമുക്ക് ദൈവത്തോടുള്ള വിശ്വസ്തതയും തന്റെ അംഗീകാരവും ഉണ്ടാകുന്നത് (1 കൊരി. 9:27). നമ്മെ നിയന്ത്രിക്കുന്നതിനുള്ള നമ്മുടെ ശരീരത്തിന്റെ പ്രയത്നങ്ങളെ ശക്തിയോടെ തടയുമ്പോൾ നാം നമ്മുടെ ശരീരത്തെ കീഴടക്കുകയാകുന്നു ചെയ്യുന്നത്. ദൈവത്തിന്റെ ഇച്ഛ നിവർത്തിക്കുവാൻ ശരീരത്തെ നിർബന്ധിക്കുമ്പോൾ നാം അതിനെ കീഴ്പ്പെടുത്തുന്നു. "പഴയ മനുഷ്യനെ അവന്റെ പ്രവർത്തികളോടു കൂടെ ഉരിഞ്ഞുകളഞ്ഞു" "പുതിയ മനുഷ്യനെ ധരിക്കുമ്പോൾ (കൊലൊ. 3:9,10),




അതെ, ഹൃദയത്തിന്റെ ഗൂഢ മനുഷ്യനെ ധരിക്കുമ്പോൾ" (1 പത്രൊ. 3:4) മാത്രമെ ജയാളികളായി, രണ്ട് നല്ലവനും വിശ്വസ്തനുമായ ദാസനെ എന്ന കർത്താവിന്റെ വിളി പ്രതീക്ഷിക്കുവാൻ കഴിയുകയുള്ളൂ.

ഏറ്റവും സ്വാധീനമുള്ളതും, എന്നാൽ ദൈവേഷ്ടം ചെയ്യുന്നതിന് നിയന്ത്രിച്ചു കീഴ്പെടുത്തുവാൻ വളരെ പ്രയാസമുള്ളതുമായ ശരീരത്തിലെ ഒരവയവമാണ് നാവ്. "നിങ്ങളിൽ ഒരുവൻ തന്റെ നാവിനു കടിഞ്ഞാണിടാതെ തന്റെ ഹൃദയത്തെ വഞ്ചിച്ചുകൊണ്ടു [അവൻ ദൈവഭക്തനും ധർമ്മശീലനുമാണെന്ന് ചിന്തിച്ചുകൊണ്ട്] താൻ ഭക്തനെന്നു നിരൂപിച്ചാൽ [ദൈവഭക്തനും ധർമ്മശീലനും എന്നു നിരൂപിച്ചാൽ] അവന്റെ ഭക്തി [ദൈവത്തോടുള്ള ഭക്തിയും ധാർമ്മികതയും] വ്യർത്ഥമത്രെ [നിഷ്പ്രയോജനവും, ലാഭമില്ലാത്തതും അത്രെ]" (യാക്കോ, 1:26). ദൈവത്തോടുള്ള അവന്റെ ഭക്തി സത്യമാണെങ്കിൽ ക്രിസ്തീയ കടമകളുടെയും അവകാശങ്ങളുടെയും ക്രമാനുഗതമായ നിർവ്വഹണം നമുക്കു തൽഫലമായി ദർശിക്കുവാൻ കഴിയും; എന്തുകൊണ്ടെന്നാൽ പ്രവർത്തിയില്ലാത്ത വിശ്വാസം ചത്തതത്രെ" (യാക്കോ. 2:20).

**കുതിരകളെയും കപ്പലുകളെയും ഉദാഹരണങ്ങളായുപയോഗിച്ചിരിക്കുന്നു.**

യാക്കോബ് 3:2 ൽ അപ്പൊസ്തലൻ പറഞ്ഞ ആശയത്തെ ബലപ്പെടുത്തുവാൻ ഉദാഹരണങ്ങളെ എടുക്കുന്നതിനു ചില വസ്തുക്കളിലേക്കു നമ്മുടെ ശ്രദ്ധ തിരിക്കുന്നു. ഒരു മനുഷ്യനു തന്റെ നാവിനെ നിയന്ത്രിക്കുവാൻ കഴിഞ്ഞാൽ അവനു തന്റെ മുഴു ശരീരത്തെയും നിയന്ത്രിക്കുവാൻ കഴിയും. ഒരു കടിഞ്ഞാൺ കുതിരയുടെ വായെ മാത്രമല്ല മുഴു ശരീരത്തെയും നിയന്ത്രിക്കുന്നതുപോലെ തന്നെ. ആദ്യത്തെ സാദൃശ്യം അപ്പൊസ്തലൻ തന്റെ തന്നെ സ്വന്ത ആശയത്തിൽ നിന്നും എടുത്തു പറഞ്ഞിട്ടുള്ളതാണ്. തന്റെ നാവിനെ കടിഞ്ഞാണിടാത്തവരിൽ ദൈവത്തോടുള്ള സത്യവും ലാഭകരവുമായ ഭക്തിയുടെ അസാന്നിധ്യത്തെ കുറിച്ച് മുൻപ് (വാക്യം 1:26) പറഞ്ഞിരിക്കുന്നതുപോലെ തന്റെ മുഴു ശരീരത്തെയും കടിഞ്ഞാട്ടിരിക്കുന്ന സൽഗുണപൂർത്തിയുള്ള പുരുഷനെ കുറിച്ച് ഇവിടെ (വാക്യം 2) പറഞ്ഞിരിക്കുന്നു. "കുതിരയെ അധീനമാക്കുവാൻ വായിൽ കഴിഞ്ഞാൽ ഇട്ട് അതിന്റെ ശരീരത്തെ മുഴുവനും തിരിക്കുന്നുവല്ലോ" (വാക്യം 3, ARV). പിന്നെയും ഇതിലും ബലവത്തായ മറ്റൊരു ഉദാഹരണം കാണിച്ചുതരുന്നു. "കപ്പലും എത്ര വലിയതായാലും കൊടുംകാറ്റടിച്ച് ഓടുന്നതായാലും അമരക്കാരൻ ഏറ്റവും ചെറിയ ചുക്കാൻകൊണ്ട് തനിക്ക് ബോധിച്ച ദിക്കിലേക്ക് തിരിക്കുന്നു" (വാക്യം 4, ARV). കടിഞ്ഞാൺ കുതിരയെയും, ചുക്കാൻ കപ്പലിനെയും നിയന്ത്രിക്കുന്നതുപോലെ നാവിനെ കീഴടക്കുന്ന മനുഷ്യൻ തന്റെ ശരീരത്തെയും കീഴടക്കുന്നു; അത് എത്ര ചെറുതായിരുന്നാലും അതിന്റെ ബലം വലുതായിരിക്കും.

യുക്തിയോടുകൂടിയ ഈ അവതരണത്തെ ശ്രദ്ധിക്കുമ്പോൾ അത് ഒരു പൂർണ്ണരൂപമായി തീരുന്നത് നമുക്ക് കാണാം: ഒന്നാമത് ഈ വിഷയത്തിലുള്ള പ്രസ്താവനയുടെ അവതരണം (വാക്യം 2), പിന്നീട് കുതിരകളുടെ ചിത്രത്തിന്റെ അവതരണം (വാക്യം 3), പിന്നെ "കപ്പലും അങ്ങനെതന്നെ" എന്ന കപ്പലിന്റെ ചിത്രത്തിലൂടെയുള്ള അവതരണം (വാക്യം 4), അവസാനം "നാവും അങ്ങനെതന്നെ" എന്ന ആശയത്തിലൂടെയുള്ള ഉപസംഹാര അവതരണം (വാക്യം 5). യുക്തിയില്ലാത്ത ജീവികളായ കുതിരകളെ ഒരു ചെറിയ കണിഞ്ഞാൺ ഇട്ടുകൊണ്ട് നിയന്ത്രിക്കാനാകുന്നുവെങ്കിൽ നമ്മുടെ നാവിനെ നിയന്ത്രിച്ചുകൊണ്ട് നാം എത്രയധികം നമ്മെത്തന്നെ ഭരിക്കണം. കടിഞ്ഞാൺ നഷ്ടപ്പെടുന്നവന് കുതിരയുടെ നിയന്ത്രണം നഷ്ടപ്പെടുന്നതുപോലെ നാവിന്മേലുള്ള തന്റെ പിടിയും നഷ്ടപ്പെട്ട് സ്വയം നിയന്ത്രണവും നഷ്ടപ്പെട്ടുപോകുന്നു.

കപ്പലിന്റെ ചിത്രം ഇതിലും ശക്തമാണ്. കപ്പൽ യുക്തിയില്ലാത്തതു മാത്രമല്ല, ജീവനില്ലാത്തതുമായ ഒരു വസ്തുവാണ്. അതിനെ അനുസരണം പഠിപ്പിക്കുവാനാകുന്നതല്ല. വളരെ വലുതായിരിക്കുന്നതിനാലും ക്ലിപ്തതയില്ലാത്ത കാറ്റിനാൽ നയിക്കപ്പെടുന്നതിനാലും അതിനെ നിർജ്ജീവമായ പ്രതിരോധം കൊണ്ടു മാത്രമാണ് മുന്നോട്ടു നയിക്കുവാനാകുന്നത്. എന്നിരുന്നാലും ചുക്കാൻ പിടിക്കുന്നവന്റെ നിയന്ത്രണത്തിൽ ഈ ഭീമമായ കപ്പൽ നീങ്ങുന്നു. ചുക്കാന്റെ മേലുള്ള സ്വാധീനം നഷ്ടപ്പെട്ടാൽ മുഴു കപ്പലിന്മേലുള്ള നിയന്ത്രണം നഷ്ടമാകും. അതിനാൽ നമ്മുടെ നാവുകളെ നിയന്ത്രിച്ചുകൊണ്ട് നമ്മെത്തന്നെ എത്രമാത്രം നിയന്ത്രിക്കേണ്ടതാണ്! "വായും നാവും സൂക്ഷിക്കുന്നവൻ തന്റെ പ്രാണനെ കഷ്ടങ്ങളിൽ നിന്നു സൂക്ഷിക്കുന്നു" (സദൃ. 21:23).

കടിഞ്ഞാണിനെയും ചുക്കാനെയും പോലെ നാവും ഒരു "ചെറിയ അവയവം" ആകുന്നു (വാക്യം 5). അത് മുഴുശരീരത്തിന്റെയും വളരെ ചെറിയ ഭാഗമാണെങ്കിലും അതിനു വലിയ കാര്യങ്ങൾ ചെയ്യാനാകുന്നു. അപ്പൊസ്തലനായ യാക്കോബ് നാവ് "വലിയ കാര്യങ്ങൾ ചെയ്യുന്നു" എന്നല്ല "വളരെ വമ്പു പറയുന്നു" എന്നാണ് പറഞ്ഞിരിക്കുന്നത്. അതിനു ചെയ്യാൻ കഴിയാത്തതും ചെയ്യാത്തതുമായ കാര്യങ്ങളെ കുറിച്ച് വമ്പു പറയുന്നത് ഒരു സവിശേഷത ആയി അവതരിപ്പിക്കുകയല്ല മറിച്ച് അതിൽ നിന്നും വ്യത്യസ്തമായി ഒരു മാറ്റത്തിനു വഴിയൊരുക്കുകയാണ് ഈ പ്രസ്താവനയുടെ ഉദ്ദേശ്യം.

സംസാരത്തിനു വേണ്ടിയുള്ള നാവെന്ന ചെറിയ അവയവത്തിനു നമ്മുടെ മുഴു ശരീരത്തിന്മേലും സ്വഭാവത്തിന്മേലുമുള്ള വലിയ സ്വാധീനവും, നമ്മെ നിയന്ത്രിക്കേണ്ട അവസരങ്ങളിൽ അതിനെ നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകതയുമായിരുന്നു ഇതിനു മുൻപ് പറഞ്ഞതിലുള്ള ആശയം. ശരിയായ സ്ഥാനത്തുതന്നെ നിയന്ത്രണം ആരംഭിക്കുവാൻ നാം ശ്രദ്ധാലുക്കളായിരിക്കണം. ഈ ആശയം മുൻപോട്ടു വച്ചതിനു ശേഷം ഈ പ്രസ്താവനയെ വ്യത്യസ്തമായ വഴിയിലൂടെ തിരിച്ചുവിട്ടു നാവിന്റെ വലിയ ശക്തിയെക്കുറിച്ചല്ല പിന്നെയൊ അതിൽ അന്തർലീനമായിരിക്കുന്ന പകയെ വ്യക്തമാക്കി കാണിച്ചുകൊണ്ട് നാവ് അടക്കേണ്ടതിന്റെ ആവശ്യകത മുന്നോട്ടുവയ്ക്കുന്നു. നാവിനെ നല്ല കാര്യങ്ങൾ പ്രസ്താവിക്കുവാൻ ഉപയോഗിക്കാമെങ്കിൽ തന്നെയും അതിന്റെ സ്വാഭാവിക ചായ്‌വ് തിന്മയോടാണ്. അതിനെ അനിയന്ത്രിതമായി വിട്ടാൽ കണക്കാക്കുവാൻ കഴിയാത്തത്ര അനർത്ഥത്തിന് ഇടയാക്കും. വമ്പു പറയുന്നു" എന്ന പ്രയോഗം ഒരു ആശയത്തിൽ നിന്ന് മറ്റൊരു ആശയത്തിലേക്കുള്ള മാറ്റത്തെ സൂചിപ്പിക്കുന്നു. "വളരെ" കാര്യങ്ങൾ ചെയ്യുവാനാകും എന്നത് നാവിന്റെ ശക്തിയെ കാണിക്കുന്നു. "വളരെ വമ്പു പറയുന്നു" എന്നത് നാവിന്റെ മോശമായ സ്വാധീനത്തെ കാണിക്കുന്നു.

### തീയെ ഒരു ഉദാഹരണമായി ഉപയോഗിച്ചിരിക്കുന്നു

രണ്ടാമത്തെ ആശയവും ഒന്നാമത്തേതുപോലെ തന്നെ പ്രകൃതിയിൽ നിന്നുള്ള രണ്ട് ഉദാഹരണങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ളതാണ്. ഒന്നാമത്തേത് കടിഞ്ഞാണിന്റെയും ചുക്കാന്റെയും ശക്തിയെ ഉദാഹരിച്ചുകൊണ്ടുള്ളതായിരുന്നു; രണ്ടാമത്തേത് നാശം വിതയ്ക്കുന്നതിന് തീയ്ക്കും വന്യമൃഗങ്ങൾക്കും ഉള്ള ശക്തിയെ ഉദാഹരിക്കുന്നതാണ്. ഒരു വലിയ കാടിനെ മുഴുവൻ കത്തിക്കുവാൻ എന്തുമാത്രം തീ വേണ്ടിവരും? തീ ഒരു നല്ല വേലക്കാരനാണ്. അതേസമയം മോശമായ ഒരു യജമാനനും ആണ്. അതുപോലെതന്നെ നാവിനെ കുറിച്ച് ഇങ്ങനെയും പറയാം, നിയന്ത്രണത്തിനു കീഴിലായിരിക്കുന്നിടത്തോളം അത് വളരെ നല്ല വേല ചെയ്യും. എന്നാൽ അതിനെ ശ്രദ്ധിക്കാതെ പോയാൽ അത് വളരെ ദോഷം ചെയ്യും. ഗൗരവമായി ചിന്തിക്കാതെയും ഉദ്ദേശ്യമില്ലാതെയും കാര്യങ്ങൾ പറയുന്ന മെരുങ്ങാത്ത അനിയന്ത്രിതമായ നാവുകൾ അത്തരം ആളുകളെ പിന്തുടരുന്നു.

"വലിയ കാര്യങ്ങൾ" പറയുന്ന ശീലവും രൂക്ഷമായ ഭാഷ ഉപയോഗിക്കുന്നതും സ്ഥിരമായ അപകടാവസ്ഥയുടെ സൂചനയാണ്. അതു തീർച്ചയായും അങ്ങനെ സംസാരിക്കുന്നവരെ തിന്മയിലേക്ക് നയിക്കും. അത് അത്യന്തം അപകടകരമായ വസ്തുക്കളുടെ അശ്രദ്ധമായ കൈകാര്യം ചെയ്യൽ പോലെയാണ്. ഇത് തീകൊണ്ട് കളിക്കുന്നതു പോലെയാണ്. അത് വനത്തെ ദഹിപ്പിക്കുന്ന തീ പോലെയും പർവ്വതങ്ങളെ ചുട്ടുകളയുന്ന അഗ്നിജ്വാല പോലെയും" ആകുന്നു (സങ്കീ. 83:14, ഇസാക്ക് ലീസർ). ഇതിനു സമാനമാണ് അനിയന്ത്രിതമായ നാവും. ഹൃദയം ദുഷിച്ചതെങ്കിലൊ, "ദുഷ്ടത തീപോലെ ജ്വലിക്കുന്നു; അതു പറക്കാരയും മുള്ളും ദഹിപ്പിക്കുന്നു; വനത്തിലെ പള്ളക്കാടുകളിൽ കത്തുന്നു (യെശ. 9:18). കടിഞ്ഞാണിടാത്ത നാവ്, തീയെപ്പോലെ വലിയ നാശത്തിനു കാരണമാകുന്നു.

അതെ, "നാവും ഒരു തീ തന്നെ; അതു നമ്മുടെ അംഗങ്ങളുടെ കൂട്ടത്തിൽ അനീതി ലോകമായി ദേഹത്തെ മുഴുവൻ മലിനമാക്കുന്നു" (വാക്യം 6 ARV). "അംഗങ്ങളുടെ കൂട്ടത്തിലെ അനീതി ലോകം" എന്ന് പേർ വിളിക്കണമെങ്കിൽ നാവിൽ പാപത്തിന്റെ ആധിക്യം ഉണ്ട്. എത്രയേറെ കളങ്കത്തിന് അത് കാരണമാകുന്നു! എന്തുമാത്രം ഭയാനകമായ തീ നാളമാണ് അത് കത്തിക്കുന്നത്! ഈ മെരുങ്ങാത്ത അംഗം ദുഷിച്ച താൽപര്യങ്ങളെ ജ്വലിപ്പിക്കയും പുകയ്ക്കയും വെച്ചുപുലർത്തുകയും ചെയ്യുന്നു. അങ്ങനെ മുഴു ശരീരവും നാവിനാലുള്ള പാപത്തിലേക്കും ദോഷത്തിലേക്കും വലിച്ചിഴയ്ക്കപ്പെടുന്നു. അതുകൊണ്ട്, ഭൂമിയിൽവെച്ച് ഏറ്റം ജ്ഞാനിയായ ശലോമോൻ ഇങ്ങനെ പറയുന്നു, "നിന്റെ വായ് നിന്റെ ദേഹത്തിന് പാപകാരണമാകരുത്" (സഭാ. 5:6).

നാവിനാൽ തീ കത്തിക്കപ്പെടാതെ യാതൊരു പാപങ്ങളാലും നമ്മുടെ ശരീരത്തിന്റെ മറ്റു ഭാഗങ്ങൾ

പരീക്ഷിക്കപ്പെടുന്നില്ല. നാവിനു പാപത്തിന്റെ തീവ്രത വർദ്ധിപ്പിക്കുവാനും പാപത്തിന്റെ വിശദാംശങ്ങളിൽ പരിതപിക്കുവാനും കഴിയും. അത് പാപത്തിന് ഹിതകരമായി ഓർമ്മയെ സ്വാധീനിക്കയും മനോവികാരങ്ങളെ കടുപ്പമാക്കുകയും ഭാവനയെ ഉന്മേഷിതമാക്കുകയും പാപത്തെ അനുകൂലിക്കയും ചെയ്യുന്നു. അത് പാപത്തിന് വലിയ കാഠിന്യം കൊടുക്കാതെ സാധാരണയായി ക്ഷമിക്കുന്ന പ്രവണത കാണിക്കുന്നു. നാവ് പാപത്തെ അണിയിച്ച് അലങ്കരിച്ച്, അതിനെ അഭിനന്ദിക്കുവാൻ മനുഷ്യരെ പഠിപ്പിക്കുന്നു. അങ്ങനെ അത് ശരീരത്തിന്റെ മറ്റു ഭാഗങ്ങളെ അശുദ്ധമാക്കുന്നു. കൂടാതെ അതിന്റെ വാചാലവും നൈപുണ്യവുമായ സംസാരശക്തിക്ക് ആനുപാതികമായി അത് അധികമധികമായി മാലിന്യം വർദ്ധിപ്പിച്ചുകൊണ്ടുമിരിക്കുന്നു.

നാവ് "ജീവചക്രത്തിനു തീ കൊളുത്തുകയും നരകത്താൽ [ഗീഹന്ന] അതിനു തീ പിടിക്കയും ചെയ്യുന്നു" (വാക്യം 6 ARV). നാവാണ് വിനാശം പ്രസരിപ്പിക്കുന്നതിന്റെ കേന്ദ്രസ്ഥാനമെന്ന മുഖ്യ ആശയമാണ് ഇവിടെ ലഭിക്കുന്നത്. അച്ചുതണ്ടിനു തീ പിടിച്ച ചക്രം, അതിന്റെ ആഴികളിലൂടെ തീ പരന്ന് പൂർണ്ണമായും കത്തി നശിച്ചുപോകുന്നു. അങ്ങനെ തന്നെയാണ് സമൂഹത്തിലും സംഭവിക്കുന്നത്. മുഴു മനുഷ്യജീവചക്രവും അഗ്നിയിലമരും വരെ, കിംവദന്തികളാൽ ജ്വലിക്കുന്ന അഭിനിവേശങ്ങൾ വിവിധ മാർഗങ്ങളിലൂടെയും വിഭാഗങ്ങളിലൂടെയും അതിവേഗം പടരുന്നു. വാക്കാലുള്ളതോ എഴുതപ്പെട്ടതോ ആയ അശ്രദ്ധമായ ഭാഷ ഒന്നാമതായി അത് ഉപയോഗിച്ചവന്റെ സ്വഭാവത്തെ "മുഴുവൻ അശുദ്ധമാക്കുന്നു" തുടർന്നും സമൂഹത്തിന്റെ വിശാലമായ ഇന്റർനെറ്റ് സൗകര്യം വഴി അത് വളരെ നാശം വിതയ്ക്കുന്നു. ഇതിന് പരിധിയില്ല. പ്രതീകാത്മകമായി ജ്വലിക്കുവാൻ വസ്തുക്കൾ ഉള്ളിടത്തോളം കാലം, തീ കത്തിക്കൊണ്ടേയിരിക്കും. അശ്രദ്ധമായ വാക്കുകൾ, കുത്തുവാക്കുകൾ, ഊഹങ്ങൾ എന്നിവ അയൽക്കാരന്റെയോ സുഹൃത്തിന്റെയോ മനസുകളിലേക്ക് കുത്തിവെക്കപ്പെടുന്നു. ഇവ ഇതിനോടകം തന്നെ ദുഷിച്ച ചിന്തകൾക്കും, തിന്മ നിരൂപിക്കുന്നതിനു മുൻകൈയ്യെടുക്കുന്നതിനാൽ ഈ വാക്കുകൾ പെട്രോളിൽ തീപ്പെട്ടി കത്തിച്ചിടുന്ന അനുഭവം ഉളവാക്കും. അത് അയൽക്കാരനോ സുഹൃത്തിനോ കണക്കാക്കാനാവാത്ത പരുക്കുകൾ വരുത്തിയേക്കാവുന്ന വലിയ അഗ്നിബാധയ്ക്കു കാരണമാകും. അവനിൽ നിന്നും ഈ തീപ്പൊരികൾ അകലേക്ക് പറന്ന് സാന്മാർഗ്ഗികവും മതപരവുമായ നാശത്തിനു കാരണമായേക്കാം.




അത് ജീവചക്രമായ തൊട്ടിലിൽ നിന്നും ശവക്കല്ലറവരെയുള്ള ജീവിതഗതിക്ക് എപ്പോൾ വേണമെങ്കിലും തീ കൊളുത്താം. അതിന് ആയിരക്കണക്കിന് സാദ്ധ്യതകളുണ്ട്. ജീവചക്രത്തിന് തീകൊളുത്തുവാൻ നാവിന് കഴിയും. സമർപ്പിതരായ ദൈവമക്കളുടെ ജീവിതഗതികളും അതിലുള്ള അപകടാവസ്ഥകളും യാക്കോബ് അപ്പൊസ്തലന്റെ മനസ്സിൽ ഉണ്ടായിരുന്നിരിക്കണം. അതിന് തീ പിടിക്കുകയും ആത്മജീവന്റെ പ്രത്യാശ പൂർണമായി നശിക്കയും ചെയ്താൽ എന്താകും സ്ഥിതി! ആ ചിന്തയാണ് "നരകത്താൽ അതിനു തീ പിടിക്കയും ചെയ്യും." എന്ന് പറഞ്ഞപ്പോൾ അപ്പൊസ്തലൻ ഉദ്ദേശിച്ചത്.

നരകത്താൽ ഒരുവന്റെ നാവിനു തീപിടിപ്പിക്കുക എന്നാൽ അതിനർത്ഥം, നാവ് വികൃതവും സ്വേച്ഛയുള്ളതും സ്വാർത്ഥത നിറഞ്ഞതും നിന്ദ്യവും പകയോടുകൂടിയ പെരുമാറ്റത്താൽ തിന്മയിൽ അധിഷ്ഠിതവുമാണെന്നാണ്. അറിവും അവസരവും ഉണ്ടായിരുന്നിട്ടുപോലും അതിനെ രൂപാന്തരപ്പെടുത്തി നിയന്ത്രണത്തിൽ കൊണ്ടുവരാത്തപക്ഷം അങ്ങനെയുള്ളവർ നാശയോഗ്യരെന്ന് എണ്ണപ്പെടും. ഇവർക്ക് ഗീഹന്ന [പ്രത്യാശയോ രക്ഷയോ ഇല്ലാത്ത രണ്ടാം മരണം] യാണ് വെച്ചിട്ടുള്ളത്. അത്തരം ഒരു മനോഭാവത്തിന് ഉടമയായിട്ടുള്ളവർ നാവുകൊണ്ട് വലിയ തീ കത്തിച്ചേക്കാം. അവർ ബന്ധപ്പെടുന്നിടത്തെല്ലാം നാശകരമായ കുഴപ്പം സൃഷ്ടിക്കുകയും തങ്ങളുടെ ഗതിയിലുടനീളം തിന്മ പ്രവർത്തിക്കയും ചെയ്യും. തിന്മപ്പെട്ട വാക്കുകൾ മറ്റുള്ളവരിലേക്ക് ആ ദുഷിപ്പ് പകരുകയും അത്, പറയുന്നവനിലേക്കുതന്നെ പ്രതിഫലിക്കയും ചെയ്യും. അത്തരം ദുഷിച്ച ഗതി ആ മനുഷ്യനെ മുഴുവനായി മലിനമാക്കുകയും അവനെ ജീവന് അനർഹനാക്കുന്ന ഒരു ന്യായവിധിക്ക് കീഴിൽ കൊണ്ടുവരികയും ചെയ്യും.

മറ്റുള്ളവർക്ക് ദോഷം വരുത്തുന്ന രീതിയിലുള്ള സംസാരത്തിനും ആലങ്കാരികമായ തീപ്പൊരികൾക്കും എതിരായി നാം ഓരോരുത്തരും ജാഗ്രത പുലർത്തേണ്ടതാണ്. ഇതിനുംപുറമെ നമ്മുടെ മേലും ദോഷകരമായ തീപ്പൊരികൾ വീഴാതെയും നമ്മുടെ ഹൃദയത്തെ അവ

തീ പിടിപ്പിക്കാതെയും ഇരിക്കാൻ നാം ജാഗരൂകരായിരിക്കണം. തീ അണയ്ക്കുന്ന ഉപകരണമായ സത്യത്തിന്റെയും അതിന്റെ ആത്മാവിന്റെയും വെള്ളം നിരന്തരമായി നമ്മുടെ കയ്യിൽ ഉണ്ടായിരിക്കണം. അങ്ങനെ കത്തിക്കുന്ന തീപ്പൊരിയുടെ ദോഷകരമായ സ്വാധീനം ഉണ്ടാകുന്നതിനു മുൻപ് തന്നെ അതിനെ കെടുത്തിക്കളയാനാകും. "സകല ജാഗ്രതയോടും കൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക". ഇവിടെ ദോഷകരമായ തീപ്പൊരികളെ പോലെ മറ്റുള്ളവർക്ക് ദോഷം വരുത്താതിരിക്കുക എന്നു മാത്രമല്ല, യാതൊരു ദോഷവും നമ്മുടെ ഹൃദയത്തിൽ നിന്ന് ഉത്ഭവിക്കുവാനോ അവിടേക്ക് സ്വീകരിക്കപ്പെടുവാനോ പാടില്ല എന്ന ആശയം കൂടെയാണുള്ളത്. കാക്കകൾ നമ്മുടെ തലയ്ക്കു മീതെ പറക്കാതിരിക്കുവാൻ നമുക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല എങ്കിലും അവ നമ്മുടെ തലയിൽ കൂടു വയ്ക്കാതിരിക്കാൻ അതിനെ തടയാൻ നമുക്കു കഴിയും, എന്ന പഴഞ്ചൊല്ല് ഓർക്കാം. നമുക്ക് ഈ ലോകത്തെയോ അതിലുള്ള ക്രൈസ്തവനെന്നോ അക്രൈസ്തവനെന്നോ ഉള്ള ഭേദം കൂടാതെ ദുർമനസ്സ് ഉള്ള വ്യക്തികളെ ആരെയും ഒഴിവാക്കാൻ കഴിയുകയില്ല. എങ്കിലും നമുക്ക് അവരോട് ഉള്ള കൂട്ടായ്മ ഒഴിവാക്കാനാകും. "നിങ്ങൾ പഠിച്ച ഉപദേശത്തിനു വിപരീതമായ ദ്വന്ദ്വപക്ഷങ്ങളെയും ഇടർച്ചകളെയും ഉണ്ടാക്കുന്നവരെ സൂക്ഷിച്ചുകൊള്ളണമെന്ന് അപ്പൊസ്തലനായ പൗലൊസ് നിർദ്ദേശിക്കുന്നു (റോമ. 16:17). അതെ അവരെ ഒഴിവാക്കണം. സ്പർദ്ധ ജനിപ്പിക്കുന്ന അത്തരം അശുദ്ധമായ ആത്മാവിനോടു നാം സഹകരിക്കയില്ലെന്ന് അവർക്കു ബോധ്യമാക്കി കൊടുക്കണം. "അധർമികളുടെ വഞ്ചനയെ" ആരാഞ്ഞുകൊണ്ട് സമയം നഷ്ടപ്പെടുത്തുകയുമരുത്. നാം യഹോവയോട് എത്രമാത്രം അടുക്കുന്നുവോ അത്രയധികം നാ സ്ഥിരതയുള്ളവരായിത്തീരും!

## വന്യമൃഗങ്ങളെ ഉദാഹരണങ്ങളായി ഉപയോഗിച്ചിരിക്കുന്നു

നാവിന്റെ ദുഷിച്ച പ്രവണതയെ വ്യക്തമാക്കുന്നതിന് യാക്കോബ് അപ്പൊസ്തലൻ ഉപയോഗിച്ചിരിക്കുന്ന രണ്ടാമത്തെ ഉദാഹരണം (3:7,8), വളരെ സ്പഷ്ടവും വ്യക്തവുമാണ്. നടക്കാനാവുന്നതും പറക്കാനാവുന്നതും ഇഴയാനാകുന്നതും നീന്താനാകുന്നതും ആയ ഏതു ജന്തുക്കളും മെരുങ്ങുന്നതാണ്. അവയെ മനുഷ്യൻ മെരുക്കിയിട്ടുമുണ്ട്. എന്നാൽ മനുഷ്യന്റെ അറിവും കഴിവും ധൈര്യവും ഉപയോഗിച്ച് താഴെത്തട്ടിലുള്ള ഈ മൃഗങ്ങളെ മെരുക്കി അവന് ഉപയോഗ യോഗ്യമാക്കി മാറ്റിയെങ്കിലും അവന് തന്റെ സ്വന്തം നാവിനെ മെരുക്കാനാവുന്നില്ല. "അത് അടങ്ങാത്ത ദോഷം; മരണകാരണമായ വിഷം നിറഞ്ഞത്" ആണ്. അത് അണലിയെക്കാൾ ഭീകരവും വിഷം നിറഞ്ഞതുമാണ്. ഒരു പാമ്പിനും നാവിന്റെ അത്ര ഹാനികരവും തീക്ഷ്ണവുമായ വിഷം ഇല്ല. പാമ്പിന്റെ കടിയിൽനിന്നു വേദനയും ശാരീരിക മരണവും ഉണ്ടാകാം. എന്നാൽ നാവിനാലുള്ള ദോഷം അതിലും ഉപരിയായിരിക്കും. മറ്റുള്ളവരെ കടിക്കയും വിഴുങ്ങുകയും അവരിൽ ഭ്രാന്ത് ഉണ്ടാക്കുന്നതുമായി സാന്മാർഗ്ഗികമായ നാശം അതിനു വരുത്താനാകും. അതിന്റെ സ്വാധീനം നിത്യമായ മരണത്തിലേക്കു വരെ ചെന്നെത്തുന്നതാണ്. "മന്ത്രവാദം കൂടാതെ പാമ്പു കടിക്കും; അധികഭാഷിയും (നാവിന്റെ ഉടമസ്ഥൻ) വ്യത്യസ്ഥനല്ല" (സഭാ. 10:11). അധികം സംസാരിക്കുന്നവൻ വീഴ്ചഭവിച്ച അവസ്ഥയിൽ ആത്മനിയന്ത്രണം ഇല്ലാത്തവനാണ്. നാവ് അവന്റെ സൂചികയാണ്.

മനുഷ്യർക്കാർക്കും നാവിനെ മെരുക്കാൻ കഴിയുകയില്ലെന്ന് അപ്പൊസ്തലർ പറയുന്നില്ല. എന്നാൽ "മനുഷ്യർക്കാർക്കും തന്നത്താൻ നാവിനെ മെരുക്കാൻ കഴിയുകയില്ല" എന്നാണ് പറഞ്ഞിരിക്കുന്നത്. അതിനെ പരിമിതികൾക്കുള്ളിൽ കൃത്യമായി സൂക്ഷിക്കുവാൻ അമാനുഷികമായ കൃപയും സഹായവും ആവശ്യമാണ്. അങ്ങനെ തന്നെ മനുഷ്യനും മൃഗങ്ങളെ മെരുക്കുന്നു. ദൈവം മനുഷ്യനെ മെരുക്കുന്നു. ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവമല്ലോ തിരുവുള്ളമുണ്ടായിട്ട് പ്രവർത്തിക്കുന്നത്" (ഫിലി. 2:13). ദൈവത്തിന്റെ സഹായത്തോടെ നമുക്ക് നാവിനെ പുതിയ ഹൃദയത്തിന്റെയും മനസ്സിന്റെയും ഇച്ഛയുടെയും നിയന്ത്രണത്തിൽ കൊണ്ടുവരാനാകും. അതിനെ പരിശോധിക്കുവാനും അനുസരിപ്പിക്കുവാനും നല്ലതും ഉപകാരപ്രദവുമായ കാര്യങ്ങൾ സംസാരിക്കുന്നതിന് അഭ്യസിപ്പിക്കുവാനും കഴിയും. പക്ഷെ ഒരിക്കലും നാവിനെ നമുക്കു വിശ്വസിക്കാനാകില്ല. കരുതലും ജാഗ്രതയും മാറ്റിവെച്ചാൽ അതിന്റെ ദുഷ്ടസ്വഭാവം പുറത്തുവരും. അതിന്റെ ഫലം വിനാശമായിരിക്കും.

## കടിഞ്ഞാണിടാത്ത നാവ് കുഴപ്പം സൃഷ്ടിക്കുന്നു

യാക്കോ. 3:9-12 ൽ തന്റെ നാവിനെ നിയന്ത്രിക്കുന്നതിൽ പരാജയപ്പെടുന്ന ക്രൈസ്തവന്റെ സാന്മാർഗ്ഗിക അവവസ്ഥയിലേക്കുള്ള പതനത്തെ അപ്പൊസ്തലൻ സൂചിപ്പിക്കുന്നു. അങ്ങനെയുള്ള ഒരുവൻ സ്വർഗ്ഗസ്ഥനായ പിതാവിനർപ്പിക്കുന്ന ആരാധന നിർമലവും അംഗീകാരയോഗ്യവുമാണെന്ന് പ്രത്യാശിക്കാൻ കഴിയുകയില്ലെന്നും കൂടെ കാണിച്ചുതരുന്നു. "രണ്ടു യജമാനന്മാരെ

സേവിപ്പാൻ ആർക്കും കഴികയില്ല" (മത്താ. 6:24). ദൈവത്തെ വാഴ്ത്തുക യും (സ്തുതിക്കയും, ആദരിക്കയും) ദൈവത്തിന്റെ സാദൃശ്യത്തിലു ണ്ടായ മനുഷ്യനെ ശപിക്കുകയും (ഉപദ്രവിക്കുകയും അപകീർത്തി പ്പെടുത്തുകയും അവഗണിക്കു കയും) ചെയ്യുന്നത് (വാക്യം 9), രാജാവിനെ ബഹുമാനിക്കയും




രാജകുടുംബത്തെ അപമാനിക്കയും ചെയ്യുന്നതുപോ ലെയാണ്. അത്തരം പ്രവൃത്തി ധാർമ്മിക വിരുദ്ധവും താറുമാറായതുമായ പ്രവർത്തനത്തിന് സ്വയം ഇടം നൽകുന്ന നാവിന്റെ ദുഷ്ടസ്വഭാവത്തിന്റെ മറ്റൊരു തെളിവാണ്. എന്നാൽ ഇതിലും ഉപരിയാകാവുന്ന മറ്റൊരു യഥാർത്ഥമായ ധാർമ്മിക വൈരുദ്ധ്യം കൂടെ യുണ്ടെന്ന് യാക്കോബ് അപ്പൊസ്തലൻ പറയുന്നു, "ഒരു വായിൽ നിന്നുതന്നെ സ്തോത്രവും ശാപവും പുറപ്പെടു ന്നു" (വാക്യം 10). കൂടാതെ വീണ്ടും 10-ാം വാക്യത്തിൽ ആത്മാർത്ഥതയോടെ സ്നേഹപ്രകാരം ഇങ്ങനെയും കൂടെ പറയുന്നു, "സഹോദരന്മാരെ, ഇങ്ങനെ ആയി രിക്കുന്നത് യോഗ്യമല്ല". എന്നാൽ എത്ര തവണ നാം ഇതുപോലെ കാണുന്നു!

ഒരുപക്ഷേ പ്രത്യേക ഉദ്ദേശ്യത്തോടുകൂടിയല്ലെങ്കി ലും ദൈവത്തോട് പൂർണ്ണ ഭക്തിയുള്ളവരെന്നവകാ ശപ്പെടുന്നവൻ, അല്ലാത്തവർ ദൈവജനങ്ങളെ വിധി ക്കുകയും കുറ്റപ്പെടുത്തുകയും ആക്ഷേപിക്കുകയും ചെയ്യുന്നതിൽ കൂടുതലായി ദൈവത്തിന്റെ പ്രത്യേക അവകാശജനത്തെ ആക്രമിക്കുന്നതിന് തയ്യാറാകുന്നു. "അവർ പരിജ്ഞാനപ്രകാരമല്ല എങ്കിലും ദൈവത്തെ സംബന്ധിച്ച് എരിവുള്ളവർ എന്ന് ഞാൻ അവർക്കു സാക്ഷ്യം പറയുന്നു. അവർ ദൈവത്തിന്റെ നീതി അറിയാതെ സ്വന്തനീതി സ്ഥാപിപ്പാൻ അന്വേഷിച്ചു കൊണ്ട് ദൈവത്തിന്റെ നീതിക്കു കീഴ്പ്പെട്ടില്ല" (റോമ. 10:2,3 ARV). ദൂതന്മാർ കാൽവയ്ക്കുവാൻ ഭയപ്പെടുന്നിട ത്തേക്ക് അവർ ഓടി കയറുകയും ബിലെയാം പോലും ചെയ്യാൻ വിസമ്മതിച്ച കാര്യങ്ങൾ ചെയ്യുകയും ചെയ്യു ന്നു (P.T.' 81, P. 27). അങ്ങനെ അവർ ദൈവം ശപിക്കാ ത്തവനെ ശപിക്കുകയും ദൈവം തള്ളിക്കളയാത്തവനെ തള്ളിക്കളയുകയും ചെയ്യുന്നു (സംഖ്യ. 23:8). ദൈവ മക്കളെ കുറിച്ച് ദോഷം സംസാരിക്കുകയും അവനെ നിന്ദിക്കുകയും ചെയ്തുകൊണ്ട് പാപം ചെയ്യുന്നവന്റെ വായ് ദൈവസ്തുതിക്കു യോഗ്യമാവുകയില്ല (1 യോഹ. 4:20,21 കാണുക).

നാവുകൊണ്ട് തിന്മ ചെയ്യു വാനുള്ള ബലമേറിയ ബാധ്യത യെക്കുറിച്ചല്ല ശരിയായ ധാരണ കിട്ടിയിരുന്നുവെങ്കിൽ തെറ്റിപ്പോ കാത്തവണ്ണം ഒരു വാക്കെങ്കിലും ഉച്ചരിക്കുന്നതിനു നാം ഭയപ്പെടു മായിരുന്നു. അത്തരമൊരു ഭയം നമുക്ക് വളരെ സഹായകരമാക്കു മായിരുന്നു. അങ്ങനെ ക്രമേണ സമചിത്തതയോടുകൂ ടി സത്യത്തിന്റെയും നീതിയുടെയും സ്നേഹത്തിന്റെയും വാക്കുകൾ മാത്രം സംസാരിക്കുന്നതിനുള്ളതായിത്തീ രുമായിരുന്നു നമ്മുടെ താൽപര്യവും. സദ്വർത്തമാനം തടസ്സങ്ങളെയെല്ലാം നീക്കി അതിന്റെ പ്രചരണത്തിനു ള്ള മാർഗ്ഗം കണ്ടെത്തുന്നു. അതേസമയം അറിയാതെ ദോഷം സംസാരിക്കുമോ എന്ന ഭയം നമ്മുടെ എല്ലാ ഭാവങ്ങളെയും കാത്തുസൂക്ഷിക്കും. അതിന്റെ ഫലം മഹത്തായ ദൈവസാദൃശ്യമായിരിക്കും: സമർപ്പിത ദൈവമക്കൾ എന്ന നിലയിൽ നാം നമ്മുടെ നാവിനെ ഉപയോഗിക്കേണ്ടത് അവനെ സ്തുതിക്കുന്നതിനും തന്റെ കൃപയും ദയയും സ്നേഹവുമെല്ലാം ഏറ്റുപറയു ന്നതിനും ദൈവവചനത്തിന്റെ അമൂല്യമായ സത്യത്തി നു സാക്ഷ്യം പറയുന്നതിനുമായിരിക്കണം. ഇതാണ് ഉചിതം. ഇതിനെ നാം എങ്ങനെ എതിർത്തു പ്രവർത്തി ക്കും? പക്ഷെ നമ്മുടെ സ്വർഗ്ഗീയ പിതാവിനെ സ്തുതി ക്കുന്ന അതേ നാവുകൊണ്ടു തന്നെയാണ് നാം വളരെ സാധാരണമായി നമുക്കും മറ്റുള്ളവർക്കും പ്രത്യേകമാ യി വിശ്വാസത്തിന്റെ ഭവനത്തിലെ സഹാംഗങ്ങൾക്കും സ്വാഭാവികതയെ മാറ്റിമറിച്ചുകൊണ്ട് പരദൂഷണത്താ ലും തിന്മ നിരൂപിക്കുന്നതിനാലും ദുഷിച്ച സംസാരത്താ ലും ഊഹാപോഹങ്ങളാലും കുത്തുവാക്കുകളാലും പലപ്പോഴും ഒരു ശാപവും മുറിവും ഉണ്ടാക്കി അനീതി ലോകമായി തിന്മ കൊണ്ട് തീ പിടിപ്പിക്കുകയും ചെ യ്യുന്നതെന്ന് മറക്കാതിരിക്കുക.

"സഹോദരന്മാരെ ഇങ്ങനെ ആയിരിക്കുന്നത് യോ ഗ്യമല്ല", അത് നിയമത്തിനും പ്രകൃതിക്കും വിരുദ്ധമാണ്. ദൈവത്തെ സ്തുതിക്കുന്ന വായിൽ നിന്ന് സഹോദര ങ്ങൾക്കോ മറ്റാർക്കെങ്കിലുമോ ദോഷമായത് പുറപ്പെട രുതെന്ന പാഠം നാം ക്രിസ്തുവിന്റെ പാഠശാലയിൽ നിന്ന് പഠിക്കുന്നു എന്ന് ഉറപ്പുവരുത്തുക. ഉറവിന്റെ ഒരേ ദ്വാരത്തിൽ നിന്ന് മധുരവും കൈപ്പുമുള്ള വെള്ളവും പുറപ്പെടുന്നതിനെകുറിച്ച് ആരെങ്കിലും കേട്ടിട്ടുണ്ടോ?

(യാക്കോ. 3:11) ഇല്ല! ഒരേ ഉറവിൽ നിന്നു മധുരവും കൈപ്പുമുള്ള വെള്ളം പുറപ്പെടാത്തതു പോലെ, അത്തരം സ്വഭാവം വച്ചുപുലർത്തുന്ന പക്ഷം ദൈവത്തിന്റെ പ്രിയപുത്രന്റെ പകർപ്പുകളാകുന്നതിനോ, രാജ്യത്തിനു കൊള്ളാവുന്നവനാകുന്നതിനോ നമുക്ക് കഴിയുകയില്ല.

## വൃക്ഷങ്ങളെ ഉദാഹരണങ്ങളായി ഉപയോഗിച്ചിരിക്കുന്നു

അപ്പൊസ്തലൻ ഈ ദൃഷ്ടാന്തത്തെ വീണ്ടും പ്രകൃതിയിൽ നിന്നും എടുത്ത് ശക്തിപ്പെടുത്തുന്നു. ഓരോന്നും അതതുതരം ഫലങ്ങൾ കായ്ക്കുന്ന വൃക്ഷങ്ങളുടെ ഉദാഹരണത്തോടെ അദ്ദേഹം ഇത് വ്യക്തമായി ഉപസംഹരിക്കുന്നു. "സഹോദരന്മാരെ, അത്തിവൃക്ഷം ഒലിവുപഴവും മുന്തിരിവള്ളി അത്തിപ്പഴവും കായ്ക്കുമോ?" (യാക്കോ. 3:12) തീർച്ചയായും ഇല്ല! ഇത് ദൈവത്തിന്റെ പ്രകൃതിനിയമത്തിന് വിരുദ്ധമാണ്. അതുകൊണ്ട് അപ്പൊസ്തലൻ ഇങ്ങനെ അവസാനിപ്പിക്കുന്നു, "ഉപ്പുറവിൽ നിന്ന് മധുരമുള്ള വെള്ളം പുറപ്പെടുകയില്ല" ARV; മത്താ. 7:16-18 താരതമ്യം ചെയ്യുക). പ്രജ്ഞയില്ലാത്ത താഴ്ന്നപടിയിലുള്ള വസ്തുക്കളുടെ വിഭാഗത്തിന് പദാർത്ഥ തത്വപരമായ വൈരുദ്ധ്യങ്ങൾ അനുവദനീയമല്ല. എന്നാൽ എല്ലാ ഭൗമിക ജീവികളിലും വെച്ച് ഏറ്റവും ആകാരവലിപ്പമുള്ള ഉയർന്നതരം ജീവികൾക്ക് സാന്മാർഗ്ഗിക വൈരുദ്ധ്യങ്ങൾ അനുവദനീയമല്ലാതിരിക്കുമോ?

പ്രാർത്ഥിക്കുകയും എന്നാൽ അതിൽ സംശയിക്കുകയും ചെയ്യുന്ന "ഇരുമനസ്സുള്ള മനുഷ്യൻ" കർത്താവിങ്കൽ നിന്ന് ഒന്നും നേടുന്നില്ല. എന്തുകൊണ്ടെന്നാൽ അവന്റെ അപേക്ഷ പ്രാർത്ഥനാ രൂപത്തിൽ മാത്രം ഒതുങ്ങുന്നു. അതിന് പ്രാർത്ഥനയുടെ അടിസ്ഥാന സവിശേഷ ഘടകമായ വിശ്വാസം ഇല്ല (യാക്കോ. 1:5-8). എന്നാൽ ദൈവത്തെ സ്തുതിക്കയും മനുഷ്യനെ ശപിക്കയും ചെയ്യുന്ന ഇരുനാവുള്ള മനുഷ്യൻ എന്ത് നേടും? ഇരുമനസ്സുള്ള മനുഷ്യൻ തന്റെ പ്രാർത്ഥനയാൽ അല്ല തന്റെ സംശയത്താൽ വിധിക്കപ്പെടുന്നതുപോലെ, ഇരുനാവുള്ള മനുഷ്യൻ തന്റെ സ്തുതികൾ കൊണ്ടല്ല തന്റെ ശാപങ്ങളാൽ വിധിക്കപ്പെടും.

ഏതു ക്രൈസ്തവന്റെയും ഓരോ വഴികളുടെയും ദിനംപ്രതിയുള്ള സൂക്ഷ്മ പരിശോധനയിൽ, ഏതെങ്കിലും വിധത്തിൽ തങ്ങളുടെ വാക്കുകൾ ദൈവത്തെ അപകീർത്തിപ്പെടുത്തുന്നതായി തീർന്നിട്ടുണ്ടെന്നു കണ്ടാൽ നാം ഓർക്കേണ്ടത്, "ഒരുവൻ പാപം ചെയ്തു എങ്കിലൊ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കലുണ്ട്" എന്നുള്ളതാണ് (1 യോഹ. 2:1). നമ്മുടെ കാര്യസ്ഥന്റെ നാമത്തിൽ നമുക്കു നമ്മുടെ സ്വർഗ്ഗസ്ഥപിതാവിന്റെ അടുക്കൽ ആത്മവിശ്വാസത്തോടെ ചെന്ന്, നമ്മുടെ തെറ്റുകുറ്റങ്ങൾ ഏറ്റുപറഞ്ഞ് മോചനത്തിനായി അപേക്ഷിക്കാം. വിശുദ്ധ നടത്തയിലൂടെയും ഉദ്ദേശ്യത്തിലൂടെയും സംസാരത്തിലൂടെയും ദൈവനാമത്തിന് ബഹുമാനം നല്കുന്നതിൽ നമുക്കുവന്നിട്ടുള്ള പരാജയത്തിൽ അഗാധമായ ദുഃഖം പ്രകടിപ്പിച്ചും ആ പാപം നമ്മുടെ മേൽ വരാതിരിക്കാൻ നമുക്കു വേണ്ടി നല്കിയ ക്രിസ്തുവിന്റെ പുണ്യത്തിലാണ് നമ്മുടെ മുഴു പ്രത്യാശയും വിശ്വാസവും എന്ന് അറിയിച്ചുകൊണ്ട് ക്രിസ്തുവിന്റെ പുണ്യത്തിലൂടെയുള്ള നമ്മുടെ ശുദ്ധീകരണത്തിനും ദൈവകൃപയ്ക്കുമായിട്ട് താഴ്മയോടെ യാചിക്കണം.

"നാമെല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ നില്ക്കേണ്ടി വരു"ന്നതിനാലും (റോമ. 14:10), ഇപ്പോഴത്തെ വ്യവസ്ഥിതിയും അതിന്റെ കാര്യക്രമങ്ങളും, "ആകാശങ്ങളും" "ഭൂമിയും" വെന്തുരുകുകയും ചെയ്യുന്നതിനാലും "നിങ്ങൾ എത്ര വിശുദ്ധജീവനവും ഭക്തിയുമുള്ളവർ ആയിരിക്കേണം?" (2 പത്രോ. 3:11). ദൈവസാദൃശ്യമെന്നാൽ, അതിൽ അപകടകാരിയായ യാതൊരു അപവാദങ്ങളൊ മാലിന്യമൊ അശുദ്ധമായ സംഭാഷണങ്ങളൊ വിശ്വസ്തതയില്ലായ്മയൊ വിപ്ലകരമായതൊ ആയ യാതൊരു അശുദ്ധിയും ഉണ്ടാവുകയില്ല. ആത്മാർത്ഥതയിലും സത്യത്തിലും ക്രിസ്തുവിന്റെ നാമം എടുക്കുന്നവരിൽ നിന്നും ഇതെല്ലാം വിദൂരതയിലായിരിക്കട്ടെ. നമുക്കും മറ്റുള്ളവർക്കും ഹാനികരമായതും പശ്ചാത്തപിക്കാത്തതും തന്മൂലം ക്ഷമിക്കപ്പെടാത്തതുമായ തെറ്റായ വാക്കുകളുടെ ഒരു കണക്കും നമുക്കെതിരെ നിൽക്കുന്നില്ലെന്ന് ഉറപ്പുവരുത്തുവാൻ നമുക്ക് കർത്താവുമായുള്ള കണക്കുകൾ തീർക്കുന്നതിന് ദിവസവും ശ്രദ്ധിക്കാം. "ക്രിസ്തുവിന്റെ സുവിശേഷത്തിന് യോഗ്യമാംവണ്ണം മാത്രം നടപ്പിൻ" (ഫിലി. 1:27).

ദിവസേന നാം കണക്കുകൾ ദൈവത്തെ ഏൽപ്പിക്കുകയും വരുന്ന ഓരോ ദിവസവും ജയം വരിക്കുവാൻ ഉള്ള ശക്തിക്ക് ദൈവിക കൃപ തേടുകയും ചെയ്യണം. അപ്പോൾ മാത്രമെ നാം ദൈവത്തിനു പ്രസാദയോഗ്യനും അംഗീകരിക്കപ്പെട്ടവരും ആണെന്ന പരിശുദ്ധാത്മ സാക്ഷ്യം നമ്മുടെ ആത്മാവിൽ ഉണ്ടാവുകയുള്ളൂ. അതുവഴി മാത്രമെ നാം ന്യായവിധിയിൽ നിന്നും കുറ്റവിമുക്തരാവുകയുള്ളൂ. ക്രിസ്തുവിലൂടെ ദൈവമുമ്പാകെ അംഗീകരിക്കപ്പെടുകയും ചെയ്യുകയുള്ളൂ. അതുകൊണ്ട് പ്രിയ സഹോദരന്മാരെ, നാവുകൊണ്ട് പാപം ചെയ്യാതിരിപ്പാൻ നമുക്ക് നമ്മുടെ വഴികളെ സൂക്ഷിക്കാം.

# അന്തിമ വിലയിരുത്തൽ ഒരു ആവശ്യം
## CONCLUSIVE COUNTING A NECESSITY

“എന്റെ ദൈവമായ യഹോവേ, നീ ചെയ്ത അത്ഭുതപ്രവൃത്തികളും ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ വിചാരങ്ങളും വളരെയാകുന്നു; നിന്നോടു സദൃശൻ ആരുമില്ല; ഞാൻ അവയെ വിവരിച്ചു പ്രസ്താവിക്കുമായിരുന്നു; എന്നാൽ അവ എണ്ണിക്കൂടാതവണ്ണം അധികമാകുന്നു” (സങ്കീ. 40:5).




ദൈവത്തിന്റെ സമർപ്പിത പൈതൽ യഹോവയുടെയും തന്റെയും മുമ്പാകെ തന്റെ കണക്കുകൾ വിലയിരുത്തേണ്ടത് ആവശ്യമാണ്. ഇത് അംഗീകാരയോഗ്യവും ബുദ്ധിപൂർവ്വവുമായ ഒരു നടപടിക്രമമാണ്. ലൗകികമായ സമ്പത്തും ബഹുമതികളും ആഗ്രഹിക്കുന്നവർ പോലും ഇതുപോലെ കൃത്യമായി കണക്കുകൾ എണ്ണി തിട്ടപ്പെടുത്തുന്നുവെങ്കിൽ ആത്മീയ വിഷയങ്ങളുടെ കണക്കുകൾ നാം എത്ര സൂക്ഷ്മതയോടെ തിട്ടപ്പെടുത്തേണ്ടതാണ്! ഏതാനം വർഷങ്ങൾ മാത്രം നീണ്ടുനിൽക്കുന്നതും ശവകുഴിയിലേക്കു പോകുമ്പോൾ വിട്ടുപിരിയുന്നതുമായ സമ്പത്തിനെയല്ല കർത്തൃജനം തിരയേണ്ടത്. ഒരിക്കലും നശിച്ചുപോകാത്തതും കള്ളന്മാർ കവർച്ച ചെയ്യാത്തതുമായ ധനത്തെയാണ് നാം അന്വേഷിക്കേണ്ടത്. ഇതിലുപരിയായി രാജ്യത്തിലുള്ള സമ്പത്തുകളുടെകൂടെ, സ്വർഗ്ഗീയവും ഭൗമികവുമായ രാജ്യത്തിലെ ബഹുമതികളും മഹത്വങ്ങളും അവർ തീർച്ചയായും അന്വേഷിക്കും. നമ്മുടെ ആധാര വാക്യത്തിൽ പറയുന്നതുപോലെ കരുണയുടെ അത്ഭുത പ്രവൃത്തികൾ നമുക്കായി ഇതിനോടകം തന്നെ ഒരുക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. അതിന്റെ കൂടെത്തന്നെ ഭാവിയിലേക്കുള്ള ചിന്തകളും അതിന്റെ കൂടെയുള്ള പദ്ധതികളും ലക്ഷ്യങ്ങളും വാഗ്ദത്തങ്ങളും ഒരുങ്ങിക്കഴിഞ്ഞിരിക്കുന്നു. അതെ, അന്തിമമായ വിലയിരുത്തലും ആവശ്യമാണ്.

ദൈവവചനത്തിന്റെ അതിമഹത്തും വിലയേറിയതുമായ വാഗ്ദത്തങ്ങളിലുള്ള നമ്മുടെ അവകാശം നമുക്ക് കൈവിട്ടു പോകാതിരിപ്പാൻ നമുക്ക് ദൈവത്തിന്റെ ബലമുള്ള കരം മുറുകെ പിടിക്കാം. തങ്ങളുടെ കണക്കുകളെ എണ്ണി പരിശോധിക്കേണ്ട ഈ കാലത്ത് ഒരുവൻ കർത്താവിനോട് ചേർന്നുനിൽക്കാൻ ആഗ്രഹമുള്ളവനായിരിക്കട്ടെ. ദൈവത്തിന്റെ ആശ്വാസകരമായ പരിചരണങ്ങളെ കാംക്ഷിക്കുന്നവനായിരിക്കട്ടെ. ഈ വചനം പരിശോധിക്കുമ്പോൾ ഈ വിഷയം എങ്ങനെയാണ് രണ്ടായി വിഭാഗിക്കപ്പെട്ടിരിക്കുന്നതെന്നു കാണാം. (1) ദൈവത്തിന്റെ കൃപ വഴിയുള്ള അത്ഭുത പ്രവൃത്തികൾ പൂർത്തീകരിക്കപ്പെട്ടിരിക്കുന്നതിനാൽ അഥവാ സഫലീകരിക്കപ്പെട്ടിരിക്കുന്നതിനാൽ ദൈവത്തോടുള്ള നന്ദി; (2) ഇതുവരെ നിറവേറ്റപ്പെട്ടിട്ടില്ലെങ്കിലും വിശ്വാസത്താൽ ദൈവത്തിന്റെ വാഗ്ദത്ത കരങ്ങളിൽ മുറുകെ പിടിക്കുന്ന നമുക്കു വേണ്ടിയുള്ള തന്റെ കരുതൽ ചിന്തകൾക്കും പദ്ധതികൾക്കും വേണ്ടിയുള്ള നന്ദി.

ദൈവം നമുക്ക് വേണ്ടി ചെയ്ത കാര്യങ്ങളിലേക്ക് തിരിഞ്ഞു നോക്കുമ്പോഴും അവയിൽ ഒന്ന് പ്രവാചകൻ തന്നെ വിവരിച്ചിരിക്കുന്നത് കാണാൻ കഴിയും. “നാശകരമായ കുഴിയിൽ നിന്നും കുഴഞ്ഞ ചേറ്റിൽ നിന്നും അവൻ എന്നെ കയറ്റി; എന്റെ കാലുകളെ ഒരു പാറമേൽ നിർത്തി, എന്റെ ഗമനത്തെ സ്ഥിരമാക്കി” (സങ്കീ. 40:2). ഇത് നമ്മുടെ കാര്യത്തിൽ തന്നെ ആത്മാർത്ഥമായി ചിന്തിക്കാൻ കഴിഞ്ഞാൽ നന്ദിയർപ്പിക്കുന്നതിനുള്ള എത്ര വലിയ കാര്യം ഇതിലുണ്ട്! നമുക്കു ചുറ്റുപാടും നോക്കുമ്പോൾ മുഴുലോകവും ദൈവമില്ലാതെയും ശരിയായ പ്രത്യാശയില്ലാതെയും ദുഷ്ടനോടു ചേർന്നിരിക്കുന്നതായി നാം കാണുന്നു. ഈ അവസ്ഥയിൽ നാം പുറകോട്ടു തിരിഞ്ഞുനോക്കുമ്പോൾ എങ്ങനെയാണ് കർത്താവ് നമ്മെ ശിക്ഷാവിധിയുടെ നാശകരമായ കുഴിയിൽ നിന്നും പാപത്തിൽ നിന്നും

വീണ്ടെടുത്തതെന്ന് കാണാൻ കഴിയും. എങ്ങനെയാണ് താൻ ക്രിസ്തുവിലും തന്റെ വീണ്ടെടുപ്പ് വേലയിലും കൂടെ നമ്മെ വീണ്ടെടുത്ത് നമ്മുടെ വിശ്വാസത്തിന്റെ കാൽ ഉറപ്പുള്ള പാറമേൽ ഉറപ്പിച്ചതെന്നും നമുക്ക് കാണാൻ കഴിയും. നന്ന്, നമുക്ക് നന്ദി അർപ്പിക്കാം; നമുക്കു ചുറ്റുമുള്ള എല്ലാവരോടും അവന്റെ കൃപകളെക്കുറിച്ച് ഘോഷിക്കാം.




പുറകോട്ട് തിരിഞ്ഞു നോക്കുമ്പോൾ നമ്മുടെ രക്ഷിതാവിലും ദൈവത്തിലും നമ്മുടെ താല്പര്യം ഉറപ്പിക്കപ്പെട്ട് ആ സന്തോഷമേറിയ ദിനം നമുക്ക് കാണാനായേക്കാം. അതുമുതൽ നമ്മുടെ നടത്തകൾ അടിസ്ഥാനമുള്ളതും നമ്മുടെ വഴികൾ ചാഞ്ചാട്ടമില്ലാത്തതുമായി തുടരും. അവിടെയാണ് നമുക്ക് ഉദ്ദേശ്യസ്ഥിരത ഉണ്ടാകുന്നത്. തത്വചിന്തകളുടെയും മാനുഷികമായ ഊഹാപോഹങ്ങളുടെയും വിചിത്രങ്ങളായ കാറ്റിനാൽ ആ വഴിയിലും ഈ വഴിയിലും നാം വലിച്ചെറിയപ്പെട്ടപ്പോൾ നിരാശപ്പെടുവാൻ ഈ ശരിയായ അടിസ്ഥാനം നമ്മെ അനുവദിച്ചില്ല. ദൈവം നമുക്ക് നല്കിത്തന്നവയ്ക്കുവേണ്ടി നമുക്ക് അവനെ സ്തുതിക്കാം! പ്രവാചകൻ തുടർന്ന് ഇങ്ങനെ പറയുന്നതിൽ അതിശയിക്കാനില്ലെന്ന് നാം തിരിച്ചറിയുന്നു, "അവൻ എന്റെ വായിൽ പുതിയൊരു പാട്ടു തന്നു, നമ്മുടെ ദൈവത്തിനു സ്തുതി തന്നെ" (സങ്കീ. 40:3). ദൈവമേ നന്ദി! അന്തിമമായ വിലയിരുത്തൽ നമുക്ക് പുതുജീവൻ നല്കിയിരിക്കുന്നു; ജീവിതത്തിൽ പുതിയ സന്തോഷവും നമുക്കും മറ്റുള്ളവർക്കും പുതിയ അഭിലാഷങ്ങളും പുതിയ പ്രതീക്ഷകളും നൽകപ്പെട്ടിരിക്കുന്നു. നമ്മുടെ കർത്താവിന്റെ കരങ്ങളിൽ നിന്ന് നാം കൈപ്പറ്റിയ അനുഗ്രഹങ്ങൾക്കും അവൻ നമുക്ക് നൽകിത്തന്ന കാര്യങ്ങൾക്കൊക്കെയും ഒരിക്കലും നമുക്ക് നന്ദി പറഞ്ഞു തീർക്കുവാൻ കഴിയുകയില്ല

കർത്താവിന്റെ കൃപയാൽ നാം അനുഭവിക്കുന്ന, നമുക്ക് ഉറപ്പു ലഭിച്ചിരിക്കുന്നതായ കാര്യങ്ങൾ തന്നെ സ്നേഹിക്കുന്നവർക്ക് കരുതി വച്ചിരിക്കുന്നതും വരുവാനിരിക്കുന്നതുമായ അനുഗ്രഹങ്ങളുടെ ഒരു മുൻകുറിയാണ്. ഒരു കണ്ണും കണ്ടിട്ടില്ലാത്തതും ഒരു ചെവിയും കേട്ടിട്ടില്ലാത്തതും ഒരു മനുഷ്യന്റെയും ഹൃദയത്തിൽ സങ്കൽപ്പിക്കുവാനോ വിലമതിക്കുവാനോ കഴിയാത്തതുമാകുന്നു അവ. എന്നാൽ അത് ദൈവം സ്നേഹപൂർവ്വം വിശ്വസ്തരായവർക്കുവേണ്ടി വാഗ്ദത്തം ചെയ്തിരിക്കുന്നതും നാമിപ്പോൾ കണ്ണാടിയിലൂടെ വിശ്വാസത്താൽ അവ്യക്തമായി കാണുന്നതും ഭാവി അനുഗ്രഹങ്ങളുടെ ഒരു മുൻകുറിയും ആകുന്നു. ഇപ്പോൾ നമുക്കു മുൻപിൽ ഉള്ളത് യഥാർത്ഥ്യങ്ങളല്ല, മറിച്ച് വരുവാനിരിക്കുന്ന വാഗ്ദത്തങ്ങളും പ്രത്യാശകളുമാണ്. ഇപ്പോഴത്തെ നമ്മുടെ അനുഭവങ്ങൾ ആശ്വാസത്തിന്റെ ആരംഭമായതുകൊണ്ട് ദൈവത്തിന്റെ കൃപകളെ എണ്ണുവാനോ അളക്കുവാനോ കഴിയുകയില്ലെന്ന പ്രവാചകന്റെ വാക്കുകളോട് നമുക്ക് യോജിക്കാം. ബാദ്ധ്യതയായ ഈ വിലയിരുത്തൽ നിറവേറ്റുവാൻ നാം ഒരിക്കലും മടിക്കരുത്.

നമ്മെത്തന്നെ ദൈവത്തിന്റെ സമർപ്പിത മക്കളെന്നു നാം അംഗീകരിക്കുമ്പോൾ, ഇതൊക്കെ നമുക്ക് നൽകുന്നതിനു താൻ സന്തോഷമുള്ളവനാണ്. ഇതിനു പകരമായി അവൻ നമ്മോടാവശ്യപ്പെടുന്നത് നാം അവനോട് നന്ദിയുള്ളവരായി പെരുമാറുകയും അവന്റെ സന്താനങ്ങളായി അവന്റെ ആത്മാവിൽ വസിക്കുന്നവരായി ഇരിക്കുകയും വേണം എന്നുള്ളതാണ്. നമുക്ക് നമ്മുടെ സമ്പത്തുകളെ എണ്ണുന്നത് തുടരാം. എന്നാൽ സാമാന്യമായി ലഭിക്കുന്നതിൽ മാത്രം സംതൃപ്തരാകാതിരിക്കുക. ഈ വർഷങ്ങളിലെ ശുശ്രൂഷാകാലയളവിൽ നാം ആസ്വദിച്ച പദവികളും കരുണയുമൊക്കെ നാം എങ്ങനെ ഉപയോഗിച്ചു എന്നും നമുക്ക് പരിശോധിക്കാം.

നമ്മുടെ ദൈനംദിന ജീവിതപാതയുടെ ഏതൊക്കെ സവിശേഷതകൾ ആണ് നമുക്ക് ഏറ്റവും സഹായകരമായതെന്നും, നമ്മുടെ ആത്മീയ പുരോഗതിയുടെ മാർഗ്ഗത്തിൽ ഏതെങ്കിലും അളവിൽ അവയിൽ ഏതൊക്കെയാണ് പിന്തിരിവിന് കാരണമായതെന്നും, കർത്താവിനോടുള്ള നമ്മുടെ കൂട്ടായ്മയെ തടഞ്ഞ് ക്ഷമയോടെ ഓടുന്നതിനും സുവിശേഷത്തിൽ നമുക്ക് മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടത്തിന്റെ മികച്ച ഫലം പ്രാപിക്കുന്നതിന് തടസ്സമായി നിന്നതെന്നും ശുഷ്കാന്തിയോടെ നമുക്ക് പരിശോധിക്കാം. ഇവ ഓരോ വ്യക്തികളെ സംബന്ധിച്ചും വ്യത്യസ്തമായിരിക്കേണ്ടത് ആവശ്യമാണ്. കാരണം ഒരിക്കലും രണ്ടാളുകളിൽ അവരുടെ വികാരവിക്ഷോഭങ്ങളെയും പെരുമാറ്റങ്ങളെയും പ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്ന മാനുഷിക

പ്രകൃതഗുണങ്ങളും അവരുടെ ചുറ്റുപാടുകളും ഒരുപോലെയല്ല. ഓരോരുത്തർക്കും കണക്കുകൂട്ടി നോക്കുമ്പോൾ, തങ്ങൾ ഓരോരുത്തർക്കും പ്രാർത്ഥനയിൽ കർത്താവിങ്കൽ നിന്ന് ലഭിക്കുന്ന കൂട്ടായ്മയുടെയും കൂട്ടനുഭവങ്ങളുടെയും അളവ് വ്യത്യസ്ഥമായിരിക്കും!

### കർത്താവിന്റെ ശബ്ദത്തിന് ശ്രദ്ധയുള്ളവനായിരിക്കുക

ദൈവത്തിന്റെ ഒരു സമർപ്പിത പൈതൽ എന്ന് അംഗീകരിക്കപ്പെട്ട ഓരോരുത്തരും കർത്താവിനോട് എത്ര സമയം സംസാരിച്ചു എന്നല്ല, കർത്താവിന്റെ ശബ്ദം കേൾക്കുന്നതിന് എത്ര സമയം ചെലവഴിച്ചു എന്നും കൂടെ പരിഗണിക്കണം - വ്യക്തിപരമായി ദൈവത്തെക്കുറിച്ചും സഭയെക്കുറിച്ചും ലോകത്തെക്കുറിച്ചും അറിയുന്നതിനു വേണ്ടി തിരുവെഴുത്ത് പരിശോധിക്കുന്നതിൽ, ദൈവത്തിന്റെ മനസ്സ് അറിയുന്നതിൽ, ദൈവീക നിർണ്ണയം തിരിച്ചറിയുവാൻ അന്വേഷിക്കുന്നതിൽ, എത്രമാത്രം സമയം ചെലവഴിച്ചു എന്നും കൂടെ പരിഗണിക്കണം. കർത്താവിന്റെ ശബ്ദം കേൾക്കുക എന്ന വിഷയത്തിൽ ദൈവം തന്റെ ഇഷ്ടപ്രകാരം അവയവങ്ങളെ ശരീരത്തിൽ മറ്റുള്ളവരുടെ അനുഗ്രഹത്തിനും സഭയ്ക്ക് ആത്മീയാഭിവൃദ്ധി വരുത്തുന്നതിനുമായി ഏറ്റവും വിശുദ്ധമായ വിശ്വാസത്തിൽ കെട്ടിപ്പടുക്കുന്നതിനും വേണ്ടി വെവ്വേറെയായി വെച്ചിരിക്കുന്നു എന്നുള്ള അപ്പൊസ്തലന്റെ പ്രസ്താവനയെ ഓർത്തുകൊണ്ട്, ക്രിസ്തു എന്ന കുടുംബത്തിന്റെ അംഗങ്ങളായ സഹോദരങ്ങളുടെ കർത്താവ് നൽകുന്ന ബൈബിൾ പഠനത്തിലുള്ള സഹായത്തെ വിലമതിക്കണം.

ശരി, അപ്പൊസ്തലന്മാരുടെ ഉപദേശങ്ങളെ പരമ പ്രാധാന്യമുള്ളതായി അംഗീകരിക്കണം. പഠിപ്പിക്കലുകൾ എല്ലാം അപ്പൊസ്തലന്മാരുടെയും പ്രവാചകന്മാരുടെയും സാക്ഷ്യങ്ങളോട് യോജിപ്പുള്ളതാണോ എന്നും പരിശോധിക്കണം. ഈ വിലയിരുത്തലിൽ പ്രതീക്ഷിച്ച പുരോഗതി കൈവരിക്കാൻ ആവാതെ ഇടുങ്ങിയ വഴിയിൽ മറ്റുള്ളവരെക്കാൾ വളരെ കുറച്ച് പുരോഗതി മാത്രമേ നേടാൻ കഴിഞ്ഞുള്ളൂ എന്ന് കണ്ടെത്തുകയും ചെയ്താൽ ഈ പരാജയം കൃപയിലും അറിവിലും സ്നേഹത്തിലും വളരുന്നതിന് ദൈവവുമായി നൽകപ്പെട്ട വഴികളെ പ്രത്യേകിച്ച് വചനം, സാഹോദര്യത്വം ഇവയെ ഉപയോഗപ്പെടുത്തുന്നതിൽവന്ന പരാജയമാണോ എന്ന് പരിശോധിക്കണം. പ്രതീക്ഷിച്ച പുരോഗതി കൈവരിക്കാൻ കഴിഞ്ഞില്ലെങ്കിൽ, സത്യം വിതരണം ചെയ്യുന്നതിൽ കഴിയുന്നത്ര സജീവമായിരുന്നോ നാം എന്നുകൂടെ പരിശോധിക്കണം. "സത്യവചനത്തെ ശരിയായി വിഭാഗിച്ചുകൊണ്ട് ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിന് കൊള്ളാവുന്നവനായി നിന്നെത്തന്നെ കാണിപ്പാൻ പഠിക്ക" (2 തിമൊ. 2:15). എന്നെ അയച്ചവന്റെ പ്രവൃത്തി പകൽ ഉള്ളേടത്തോളം നാം ചെയ്യേണ്ടതാകുന്നു; ആർക്കും പ്രവർത്തിച്ചുകൂടാത്ത രാത്രി വരുന്നു" (യോഹ. 9:4). ഈ വചനം പറയുന്നതുപോലെ നമുക്ക് സജീവമായി പ്രവർത്തിക്കാം.

നിങ്ങളുടെ മുഴുജീവിതവും കർത്താവിനു സമർപ്പിച്ചിട്ടുള്ളതാണെന്ന് ഓർക്കുകയും അത് കർത്തൃനിയോഗപ്രകാരം അവന്റെ സഹോദരന്മാർക്കായിട്ട്, ഏക സത്യസഭയ്ക്കു വേണ്ടിത്തന്നെ വിട്ടുകൊടുക്കുകയും ചെയ്യുന്നതിനുള്ളതാണ്. നിങ്ങളുടെ കഴിവിന്റെ പരമാവധി സഹോദരങ്ങളെ വിശ്വസ്തതയോടെ സേവിക്കുന്നതിനായി നിങ്ങളുടെ ജീവനെ വെച്ചുകൊടുത്തുവോ എന്ന് കണക്കാക്കുക. മറ്റുള്ളവരെ നനയ്ക്കുന്നവൻ തന്നത്താൻ നനയ്ക്കപ്പെടുമെന്നുള്ള കർത്താവിന്റെ വ്യവസ്ഥപ്രകാരം മറ്റുള്ളവർക്ക് സത്യം കൊണ്ട് ശുശ്രൂഷ ചെയ്യുന്നവൻ അതിനാനുപാധികമായിട്ട് കർത്താവിന്റെ മേശയിൽനിന്നുള്ള കൃപയ്ക്കും സത്യത്തിനും ഓഹരിക്കാരനായിത്തീരും.

### ശരിയായ വിലയിരുത്തലിന്റെ ഉദാഹരണങ്ങൾ

നമുക്ക് യുക്തിയനുസരണമായ വിലയിരുത്തലിന് ദൈവനിശ്വസ്തരായ വിശുദ്ധ അപ്പൊസ്തലന്മാരിൽ നിന്നും ചില സൂചനകളും നിർദ്ദേശങ്ങളും കൈക്കൊള്ളാം. എങ്ങനെയാണ് അവർ വിഷയങ്ങളെയും കാര്യങ്ങളെയും വിലയിരുത്തിയതെന്ന് നമുക്ക് ശ്രദ്ധിക്കാം. എന്തൊക്കെ കാര്യങ്ങളാണ് ലാഭകരമെന്നും എന്തൊക്കെ കാര്യങ്ങളാണ് നഷ്ടമെന്നും അവർ കണക്കാക്കിയതെന്ന് നമുക്ക് നോക്കാം. പൗലൊസ് അപ്പൊസ്തലന്റെ വാക്കുകൾ ശ്രദ്ധിക്കുക: "ഞാൻ എന്റെ [ഭൗമികമായ] പ്രാണനെ വിലയേറിയതായി [അമൂല്യമായി, ശ്രേഷ്ഠമായി] എണ്ണുന്നില്ല" (അപ്പൊ. 20:24). "എന്റെ കർത്താവായ ക്രിസ്തുയേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ ഇപ്പോഴും എല്ലാം (ഭൗമികമായത്) ചേതമെന്ന് എണ്ണുന്നു" (ഫിലി. 3:8). "ഞാൻ പിടിച്ചിരിക്കുന്നു എന്നു നിരൂപിക്കുന്നില്ല [കണക്കാക്കുന്നില്ല (ഫിലി. 3:13, ഡയഗ്ലട്ട്)].

ഇപ്പോഴത്തെ പല നഷ്ടങ്ങളും ഭാവിയിൽ വരുവാനിരിക്കുന്ന മഹത്വത്തിനു പകരമാകുമെന്നു വെറുതെ വിലയിരുത്തുക മാത്രമായിരുന്നില്ല വിശുദ്ധ പൗലൊസ്

ചെയ്തത്, പിന്നെയൊ ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനം (അവനിലൂടെ നമുക്കു വേണ്ടിയുള്ള ദൈവകൃപയെക്കുറിച്ചുള്ള അറിവും, തൽഫലമായി വിരുതുപ്രാപിക്കുന്നതിനായി ഓട്ടം ഓടുന്നതിനുള്ള അവസരങ്ങളെക്കുറിച്ചുള്ള അറിവും ഉൾപ്പെടെ) മാത്രമായിരിക്കും വിരുതുപ്രാപിക്കുന്നതിനാവശ്യം എന്നുംകൂടെ വിലയിരുത്തുകയായിരുന്നു ചെയ്തത്. ഈ പരിജ്ഞാനത്തിനായും അതു നേടുന്നതിനുള്ള അവസരങ്ങൾക്കായും സകലതും പകരംവയ്ക്കണം എന്നദ്ദേഹം കണക്കുകൂട്ടി. ഈ വലിയ സമ്പത്ത് - ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനം - അവന്റെ സ്വഭാവത്തെക്കുറിച്ചുള്ള അറിവ്, അതിന്മേലുള്ള ആഴമായ വിലമതിപ്പ് - ക്രിസ്തുവിനെ കേന്ദ്രീകരിച്ചുള്ള പദ്ധതികളെക്കുറിച്ചുള്ള അറിവ് - എന്നീ കാര്യങ്ങൾ (നല്ലദാനങ്ങൾ) ഉണ്ടെങ്കിൽ, എത്രമാത്രം ഭൗമികസമ്പത്തുകൾ ഇതിന്റെ വിലയായി കൊടുക്കേണ്ടി വരുമ്പോഴും നമുക്ക് ദൈവത്തിന് നന്ദി പറയാൻ കഴിയും. ഈ അറിവ് നമുക്കുണ്ടെങ്കിൽ, അവൻ നമുക്ക് അമൂല്യമാണെങ്കിൽ, നാമിന്നവനിൽ സമ്പന്നരാണ്. അതിനായി നമുക്കിന്ന് അവനു നന്ദിയർപ്പിക്കാം!

അതെ അപ്പൊസ്തലൻതന്നെ തുടർന്ന് ഇങ്ങനെ പറയുന്നു: താൻ എല്ലാറ്റിന്റെയും നഷ്ടം അനുഭവിച്ചു എങ്കിലും, "ക്രിസ്തുവിനെ നേടേണ്ടതിനും", അവന്റെ ശരീരത്തിന്റെ അംഗമായി "അവനിൽ ഇരിക്കേണ്ടതിനും" "സകലതും ചവറ് എന്ന് എണ്ണുന്നു". എങ്ങനെയാണ് എണ്ണേണ്ടത്. അഥവാ വിലയിരുത്തേണ്ടത് എന്നുള്ളതിന് കൂടുതലായ നിർദ്ദേശം അപ്പൊസ്തലനായ യാക്കോബിന്റെ വാക്കുകളിൽ നിന്ന് ലഭിക്കുന്നു. "നിങ്ങൾ വിവിധ പരീക്ഷകളിലകപ്പെടുമ്പോൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നുവെന്നറിഞ്ഞ് അത് അശേഷം സന്തോഷമെന്ന് എണ്ണുവിൻ" (യാക്കോ. 1:2,3). നാം ഓരോരുത്തരും നമ്മുടെ സമർപ്പണ ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ നമ്മുടെ പാതയിൽ നിരവധി കെണികളും പ്രലോഭനങ്ങളും ഉണ്ടാകുമെന്നതിന് സംശയമില്ല. അവയിൽ ചിലതിൽ നാം അനായാസം വിജയം നേടുന്നു. മറ്റു ചിലതിനെയാവട്ടെ ചിലപ്പോൾ കഠിന പ്രയത്നത്തോടെയാവാം കീഴടക്കേണ്ടിവരുന്നത്. ഇനിയും വേറെ ചിലതിലാവട്ടെ ഭാഗികമായ വിജയങ്ങൾ മാത്രമായിരിക്കാം ഉണ്ടാകുന്നത്. അപ്പോൾ അത് നമ്മുടെ ശത്രുവിന്റെ ഭാഗികമായ വിജയവും കൂടെയാകുന്നു.

ഈ പ്രലോഭനങ്ങൾ എന്തു പാഠമാണ് നമുക്ക് നൽകിയത്? എന്താണ് ഈ പാഠങ്ങൾ നൽകുന്ന മൂല്യം? അപ്പൊസ്തലൻ പറയുന്നതുപോലെ അത് ഒരു സഹിഷ്ണുതയുടെ വിലയേറിയ പാഠമാണ്. ഇതൊക്കെയും നമുക്ക് വ്യക്തമാക്കി തരുന്നത് നാം ഇപ്പോഴും നമ്മുടെ പഠന നാളുകളിൽ തന്നെയാണെന്നാണ് - കർത്താവിനോടുള്ള നമ്മുടെ വിശ്വസ്തതയെയും ആത്മാർത്ഥതയെയും തെളിയിക്കുന്നതിന്, തന്റെ രാജ്യത്തിൽ നമുക്ക് ഒരവകാശമുണ്ടാകേണ്ടതിന്, അവന്റെ പുണ്യം മൂലമുള്ള നമ്മുടെ യോഗ്യതയെ തെളിയിക്കുന്നതിന്. പരീക്ഷകളെല്ലാം അവസാനിച്ച് ജയാളികളുടെ കൂട്ടത്തിൽ നാം സ്വീകരിക്കപ്പെട്ടിരുന്നെങ്കിൽ എന്ന് നാമെല്ലാവരും എപ്പോഴും ആഗ്രഹിക്കാറുണ്ട്; ഒരു സംശയവുമില്ല. എന്നാൽ സഹിഷ്ണുതയ്ക്കും വിശ്വാസത്തിനും വിശ്വസ്തതയ്ക്കും നമ്മുടെ ഹൃദയത്തിൽ നമ്മുടെ കർത്താവിന്റെ നേർക്കുള്ള സ്വഭാവ പക്വതയ്ക്കും മനസ്സൊരുക്കത്തിനും അനുസരണത്തിനും വേണ്ടിയുള്ള ഒരു ശുദ്ധീകരണ വേല നടത്താനുണ്ട്. ആ നല്ല വേല തുടരട്ടെ.

നമ്മുടെ പരീക്ഷകൾ നമുക്ക് പ്രയോജനകരമായ ഏതെങ്കിലും പാഠങ്ങൾ നൽകുന്നുവെങ്കിൽ, നമ്മെ സ്വഭാവത്തിൽ കൂടുതൽ ശക്തരാക്കുന്നതിനോ, സത്യത്തിലും നീതിയിലും നമ്മെ കൂടുതൽ ഉറപ്പുള്ളവരാക്കുന്നതിനോ, നമ്മുടെ ബലഹീനതകളെക്കുറിച്ച് നമുക്ക് കൂടുതൽ ബോധം നൽകി അതിനെതിരെ കൂടുതൽ ജാഗ്രത പുലർത്തുന്നതിനോ നമുക്ക് സഹായകരമാകുന്നെങ്കിൽ അതിൽ നമുക്ക് സന്തോഷിക്കാം. ഇയ്യോബ് വളരെ വ്യക്തമായി 2:10 ൽ പറയുന്നു, "നാം ദൈവത്തിന്റെ കയ്യിൽ നിന്നു (അനുഗ്രഹം) കൈക്കൊള്ളുന്നു; (അനർത്ഥവും) കൈക്കൊള്ളരുതോ? (റോതർഹാം). ഭാഗികമായ വിജയങ്ങൾക്കു മാത്രം ഇടയാക്കിയ സംഘർഷങ്ങൾ പോലും നമുക്ക് നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട് - നമ്മുടെ ബലഹീനതകൾക്കും എതിരാളിയുടെ പ്രേരണകൾക്കും എതിരായിട്ട് ആത്മാർത്ഥമായി പോരാടിയതിന് ആനുപാതികമായിട്ട്. പൂർണ്ണപരാജയം നേരിടുന്ന സന്ദർഭങ്ങളിൽ പോലും അത് സ്വഭാവത്തിന്റെ ദൃഢീകരണത്തിന് ഉപകരിച്ചേക്കാം, ആ ദിശയിലേക്കുതന്നെ പൂർവ്വാധികം എരിവോടെ തീരുമാനശക്തിയെ ദൃഢപ്പെടുത്തുന്നുവെങ്കിൽ പ്രാർത്ഥനയിൽ കർത്താവിന്റെ മുമ്പാകെ താഴ്മയുള്ള ഹൃദയത്തോടെ വേണം ഇതൊക്കെയും ചെയ്യുവാൻ. ഇത് പ്രാർത്ഥനയ്ക്കുള്ള പദവിയെ ഉണർത്തുന്നതിനും കാരണമാകാം. അങ്ങനെ ഈ പുതുക്കി ലഭിച്ച അവകാശത്താൽ ആവശ്യമുള്ള ഏതവസരത്തിലും ലഭിക്കുമെന്നു വാഗ്ദത്തമുള്ള സഹായകൃപയാൽ നമുക്ക് അഭയകേന്ദ്രത്തിൽ രക്ഷപ്പെടാൻ കഴിയും.

അപ്പൊസ്തലനായ പൗലൊസ് തന്റെ വിവരണം ചുരുക്കിക്കൊണ്ട് വിലയിരുത്തുന്നത് ഇപ്രകാരമാണ്: "നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സു വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്നു ഞാൻ എണ്ണുന്നു" - വിശ്വസ്തന്മാർക്ക് (റോമ. 8:18). നമ്മുടെ ഓരോ വർഷത്തെയും വിലയിരുത്തലിൽ നാം അനുഭവിച്ച കഷ്ടങ്ങൾ കുറവൊ കൂടുതലൊ, ചെറുതോ വലുതോ ആയിരുന്നാലും – ക്രിസ്തുവിനുവേണ്ടി, നീതിക്കുവേണ്ടി, സത്യത്തിനുവേണ്ടി ആയിരുന്നു നാം കഷ്ടം അനുഭവിച്ചതെങ്കിൽ - ഈ എല്ലാ നിലകളിലുമുള്ള നമ്മുടെ ഉദ്യമം എത്രമാത്രം വിശ്വസ്തതയോടു കൂടിയതായിരുന്നുവോ അതിനാനുപാതികമായി നമുക്കു സന്തോഷിക്കാം. കർത്താവിനും തന്റെ കാര്യക്രമങ്ങൾക്കും തന്റെ സഹോദരന്മാർക്കും വേണ്ടി കഷ്ടം അനുഭവിപ്പാനുള്ള നമ്മുടെ വലിയ പദവിക്കനുസരിച്ചായിരിക്കും നമ്മുടെ സന്തോഷം.

"നിങ്ങളുടെ സ്വർഗ്ഗീയ പിതാവ് സൽഗുണ പൂർണ്ണൻ ആയിരിക്കുന്നതുപോലെ നിങ്ങളും സൽഗുണ പൂർണ്ണരാകുവിൻ" എന്നുപറഞ്ഞുകൊണ്ടാണ് യഹോവ സമർപ്പിതരെ ക്ഷണിക്കുന്നത് (മത്താ. 5:48). ഈ തത്വം കാണിക്കുന്നത് ഹൃദയശുദ്ധി, ഉദ്ദേശ്യശുദ്ധി, ഇച്ഛാശുദ്ധി മുതലാവയിൽ കുറഞ്ഞതൊന്നും ദൈവത്തിന് സ്വീകാര്യമല്ലെന്നാണ്. പരിപൂർണ്ണതയിൽ താണ ഒരു നിലവാരവും ദൈവം അംഗീകരിക്കുകയില്ല. എന്നാൽ ക്രിസ്തുവിന്റെ കാൽച്ചുവടുകളെ അനുഗമിക്കുന്നവർക്കു വേണ്ടി തന്നിലൂടെ ദൈവം കൃപയും കരുണയും സമാധാനവും കരുതിവെച്ചിട്ടുണ്ട്. നമ്മെ നമ്മുടെ അവസ്ഥയോടു താരതമ്യം ചെയ്ത്, സ്വർഗ്ഗസ്ഥ പിതാവിന്റെ പരിപൂർണ്ണതയുള്ള മുദ്ര എപ്പോഴും നമ്മുടെ മനസ്സിൽ കാത്തുസൂക്ഷിക്കാതിരുന്നാൽ അതിൽ നിന്ന് ശുഷ്കമായ ഫലമേ ലഭിക്കുകയുള്ളൂ. അവന് നിങ്ങൾക്ക് വേണ്ടി പൂർണ്ണതയുടെ ഒരു മാനദണ്ഡവും എനിക്കുവേണ്ടി മറ്റൊന്നും വേറെ ഓരോരുത്തർക്കു വേണ്ടി ഓരോ മാനദണ്ഡവും ഉണ്ടായിരിക്കുകയില്ല. ദൈവത്തിന്റെ പൂർണ്ണതയാണ് പൂർണ്ണതയ്ക്കുള്ള മാനദണ്ഡം. ദൈവത്തിന്റെ സമർപ്പിതമക്കൾ എന്ന നിലയിൽ അവൻ തന്റെ മനോഭാവമാണ് നമുക്കു വെച്ചിരിക്കുന്നത്: "അവൻ എന്നെ നീതി എന്ന അങ്കി ഇടുവിച്ചിരിക്കുന്നു" (യെശ. 61:10).

നമ്മുടെ ജീവിതത്തിലെ ലാഭനഷ്ടകണക്കുകൾ നാം പരിശോധിക്കണം. തങ്ങളുടെ പോരായ്മകൾ എല്ലാവരും തന്നെ തിരിച്ചറിയാതെ പോകുന്നുവെങ്കിലും നമുക്കങ്ങനെ ചെയ്യാൻ കഴിയുന്നതിൽ ദൈവത്തോടു നമുക്കു നന്ദിയുള്ളവരായിരിക്കാം. അപ്പൊസ്തലൻ പറയുന്നതു പോലെ ഒരു തിന്മയെങ്കിലും അവശേഷിക്കുന്നതായി കണ്ടിട്ട്, നമ്മിലാർക്കും നമ്മെ വിശദീകരിച്ച നിയമരക്തത്തെ മലിനം (സാധാരണ രക്തം, കളങ്കിതരക്തം) എന്നെണ്ണാൻ ഇടവരാതിരിക്കട്ടെ (എബ്രാ. 10:29).




# ബൈബിൾ സംഭാഷണങ്ങൾ

## കഥകൾ ലളിത ഭാഷയിൽ

## ഒരിക്കലും പഴകിപ്പോകാത്ത ഒരു പുസ്തകത്തിൽ നിന്നും

### യോസേഫും അവന്റെ സഹോദരന്മാരും

ഉല്പ. 37:1-28, 31-36; 39:2-10, 16-40:23

യാക്കോബു തന്റെ പിതാവ് പരദേശിയായി പാർത്ത ദേശമായ കനാൻ ദേശത്തു വസിച്ചു. യാക്കോബിന്റെ വംശപാരമ്പര്യം എന്തെന്നാൽ: യോസേഫിന്നു പതിനേഴു വയസായപ്പോൾ അവൻ തന്റെ സഹോദരന്മാരോടുകൂടെ ആടുകളെ മേയിച്ചുകൊണ്ടു ബാലനായി തന്റെ അപ്പന്റെ ഭാര്യമാരായ ബിൽഹയുടെയും സില്പയുടെയും പുത്രന്മാരോടുകൂടെ ഇരുന്നു. അവരെക്കുറിച്ചുള്ള ദു:ശ്രുതി യോസേഫ് അപ്പനോട് വന്നു പറഞ്ഞു. യോസേഫ് വാർദ്ധക്യത്തിലെ മകനാകകൊണ്ടു യിസ്രായേൽ എല്ലാ മക്കളിലുംവച്ചു അവനെ അധികം സ്നേഹിച്ചു. പലവർണ്ണങ്ങളുള്ള ഒരു അങ്കി അവനു ഉണ്ടാക്കിച്ചുകൊടുത്തു. അപ്പൻ തങ്ങളെ എല്ലാവരേക്കാളും അവനെ അധികം സ്നേഹിക്കുന്നു എന്ന് അവന്റെ സഹോദരന്മാർ കണ്ടിട്ട് അവനെ

പകെച്ചു; അവനോടു സമാധാനമായി സംസാരിപ്പാൻ അവർക്കു കഴിഞ്ഞില്ല.

യോസേഫ് ഒരു സ്വപ്നം കണ്ടു; അത് തന്റെ സഹോദരന്മാരോട് അറിയിച്ചതുകൊണ്ടു അവർ അവനെ പിന്നെയും അധികം പകെച്ചു. അവൻ അവരോടു പറഞ്ഞത്: ഞാൻ കണ്ട സ്വപ്നം കേട്ടുകൊൾവിൻ. നാം വയലിൽ കറ്റ കെട്ടിക്കൊണ്ടിരുന്നു; അപ്പോൾ എന്റെ കറ്റ എഴുന്നേറ്റു നിവിർന്നുനിന്നു; നിങ്ങളുടെ കറ്റകൾ ചുറ്റും നിന്ന് എന്റെ കറ്റയെ നമസ്കരിച്ചു. അവന്റെ സഹോദരന്മാർ അവനോടു: നീ ഞങ്ങളുടെ രാജാവാകുമോ? നീ ഞങ്ങളെ വാഴുമോ എന്ന് പറഞ്ഞു, അവന്റെ സ്വപ്നങ്ങൾ നിമിത്തവും അവന്റെ വാക്കുനിമിത്തവും അവനെ പിന്നെയും അധികം ദ്വേഷിച്ചു.

അവൻ മറ്റൊരു സ്വപ്നം കണ്ടു തന്റെ സഹോദരന്മാരോട് അറിയിച്ചു: ഞാൻ പിന്നെയും ഒരു സ്വപ്നം കണ്ടു; സൂര്യനും ചന്ദ്രനും പതിനൊന്നു നക്ഷത്രങ്ങളും എന്നെ നമസ്കരിച്ചു എന്ന് പറഞ്ഞു. അവൻ അത് അപ്പനോടും സഹോദരന്മാരോടും അറിയിച്ചപ്പോൾ അപ്പൻ അവനെ ശാസിച്ചു അവനോടു: നീ ഈ കണ്ട സ്വപ്നം എന്ത്? ഞാനും നിന്റെ അമ്മയും സഹോദരന്മാരും സാഷ്ടാംഗം വീണു നിന്നെ നമസ്കരിക്കാൻ വരുമോ എന്ന് പറഞ്ഞു. അവന്റെ സഹോദരന്മാർക്ക് അവനോടു അസൂയ തോന്നി; അപ്പനോ ഈ വാക്ക് മനസ്സിൽ സംഗ്രഹിച്ചു.

അവന്റെ സഹോദരന്മാർ അപ്പന്റെ ആടുകളെ മേയ്പാൻ ശേഖേമിൽ പോയിരുന്നു. യിസ്രായേൽ യോസേഫിനോട്: നിന്റെ സഹോദരന്മാർ ശെഖേമിൽ ആട് മേയ്ക്കുന്നുണ്ടല്ലോ; വരിക, ഞാൻ നിന്നെ അവരുടെ അടുക്കൽ അയയ്ക്കും എന്ന് പറഞ്ഞതിന് അവൻ അവനോടു: ഞാൻ പോകാം എന്ന് പറഞ്ഞു. അവൻ അവനോടു: നീ ചെന്ന് നിന്റെ സഹോദരന്മാർക്ക് സുഖം തന്നെയോ? ആടുകൾ നന്നായിരിക്കുന്നുവോ എന്ന് നോക്കി, വന്നു വസ്തുത അറിയിക്കേണം എന്ന് പറഞ്ഞു ഹെബ്രോൻതാഴ്വരയിൽ നിന്നു അവനെ അയച്ചു; അവൻ ശെഖേമിൽ എത്തി.

അവൻ വെളിമ്പ്രദേശത്തു ചുറ്റിനടക്കുന്നത് ഒരുത്തൻ കണ്ടു: നീ എന്ത് അന്വേഷിക്കുന്നു എന്ന് അവനോടു ചോദിച്ചു. അതിന്നു അവൻ: ഞാൻ എന്റെ സഹോദരന്മാരെ അന്വേഷിക്കുന്നു; അവർ എവിടെ ആടു മേയിക്കുന്നു എന്ന് എന്നോട് അറിയിക്കേണമേ എന്ന് പറഞ്ഞു. അവർ ഇവിടെ നിന്ന് പോയി; നാം ദോഥാനിലേക്കു പോക എന്ന് അവർ പറയുന്നത് ഞാൻ കേട്ടു എന്ന് അവൻ പറഞ്ഞു. അങ്ങനെ യോസേഫ് തന്റെ സഹോദരന്മാരെ അന്വേഷിച്ചു ചെന്ന് അവർ ദോഥാനിൽ ആടുമേയിക്കുന്നത് കണ്ടു.

### "അതാ സ്വപ്നക്കാരൻ വരുന്നു"

അവർ അവനെ ദൂരത്തുനിന്നു കണ്ടിട്ട് അവനെ കൊല്ലേണ്ടതിന്നു അവൻ അടുത്തുവരും മുൻപേ അവനു വിരോധമായി ദുരാലോചന ചെയ്തു: അതാ, സ്വപ്നക്കാരൻ വരുന്നു; വരുവിൻ, നാം അവനെ കൊന്നു ഒരു കുഴിയിൽ ഇട്ടുകളക; ഒരു ദുഷ്ടമൃഗം അവനെ തിന്നുകളഞ്ഞു എന്ന് പറയാം; അവന്റെ സ്വപ്നങ്ങൾ എന്താകുമെന്ന് നമുക്ക് കാണാമല്ലോ എന്ന് തമ്മിൽ തമ്മിൽ പറഞ്ഞു. രൂബേൻ അത് കേട്ടിട്ടു: നാം അവനു ജീവഹാനി വരുത്തരുത് എന്ന് പറഞ്ഞു അവനെ അവരുടെ കയ്യിൽ നിന്ന് വിടുവിച്ചു. അവരുടെ കയ്യിൽ നിന്ന് അവനെ വിടുവിച്ചു അപ്പന്റെ അടുക്കൽ കൊണ്ടുപോകേണമെന്നു കരുതിക്കൊണ്ടു രൂബേൻ അവരോടു: രക്തം ചൊരിയിക്കരുത്; നിങ്ങൾ അവന്റെ മേൽ കൈ വെക്കാതെ മരുഭൂമിയിലുള്ള ആ കുഴിയിൽ അവനെ ഇടുവിൻ എന്ന് പറഞ്ഞു.

യോസേഫ് തന്റെ സഹോദരന്മാരുടെ അടുക്കൽ വന്നപ്പോൾ അവൻ ഉടുത്തിരുന്ന വിവിധ വർണ്ണങ്ങളുള്ള നിലയങ്കി അവർ ഊരി, അവനെ എടുത്തു ഒരു കുഴിയിൽ ഇട്ടു. അത് വെള്ളമില്ലാത്ത പൊട്ടക്കുഴി ആയിരുന്നു. അവർ ഭക്ഷണം കഴിക്കാൻ ഇരുന്നപ്പോൾ തലപൊക്കി നോക്കി, ഗിലെയാദിൽനിന്ന് സാമ്പ്രാണിയും സുഗന്ധപ്പശയും സന്നിനായകവും ഒട്ടകപ്പുറത്തു കയറ്റി മിസ്രയീമിലേക്കു കൊണ്ടുപോകുന്ന യിശ്മായേല്യരുടെ ഒരു യാത്രക്കൂട്ടം വരുന്നത് കണ്ടു.

അപ്പോൾ യഹൂദാ തന്റെ സഹോദരന്മാരോട്: നാം നമ്മുടെ സഹോദരനെ കൊന്നു അവന്റെ രക്തം മറച്ചിട്ടു എന്ത് ഉപകാരം? വരുവിൻ നാം അവനെ യിശ്മായേല്യർക്കു വിൽക്കുക; നാം അവന്റെ മേൽ കൈ വെക്കരുത്; അവൻ നമ്മുടെ സഹോദരനും നമ്മുടെ മാംസവും അല്ലോ എന്ന് പറഞ്ഞു; അവന്റെ സഹോദരന്മാർ അതിന്നു സമ്മതിച്ചു. മിദ്യാന്യക്കച്ചവടക്കാർ കടന്നു പോകുമ്പോൾ അവർ യോസേഫിനെ കുഴിയിൽനിന്നു വലിച്ചു കയറ്റി, യിശ്മായേല്യർക്കു ഇരുപതു വെള്ളിക്കാശിനു വിറ്റു.

പിന്നെ അവർ ഒരു കോലാട്ടുകൊറ്റനെ കൊന്നു; യോസേഫിന്റെ അങ്കി എടുത്തു രക്തത്തിൽ മുക്കി. അവർ പല വർണ്ണങ്ങളുള്ള അങ്കി തങ്ങളുടെ അപ്പന്റെ അടുക്കൽ കൊടുത്തയച്ചു: ഇത് ഞങ്ങൾക്കു കണ്ടുകിട്ടി; ഇത് നിന്റെ മകന്റെ അങ്കിയോ അല്ലയോ എന്ന് നോക്കേണം എന്ന് പറഞ്ഞു.

ഇത് എന്റെ മകന്റെ അങ്കി തന്നെ; ഒരു ദുഷ്ടമൃഗം അവനെ തിന്നു കളഞ്ഞു: യോസേഫിനെ പറിച്ചുകീറിപ്പോയി എന്ന് പറഞ്ഞു. യാക്കോബ് വസ്ത്രം കീറി, അരയിൽ രട്ടുശീല ചുറ്റി ഏറിയ നാൾ തന്റെ മകനെ ച്ചൊല്ലി ദുഃഖിച്ചുകൊണ്ടിരുന്നു. അവന്റെ പുത്രന്മാരും പുത്രിമാരും എല്ലാം അവനെ ആശ്വസിപ്പിപ്പാൻ വന്നു; അവനോ ആശ്വാസം കൈക്കൊൾവാൻ മനസ്സില്ലാതെ: ഞാൻ ദുഖത്തോടെ എന്റെ മകന്റെ അടുക്കൽ പാതാളത്തിൽ ഇറങ്ങുമെന്ന് പറഞ്ഞു. ഇങ്ങനെ അവന്റെ അപ്പൻ അവനെക്കുറിച്ചു കരഞ്ഞുകൊണ്ടിരുന്നു. എന്നാൽ മിദ്യാന്യർ അവനെ മിസ്രയീമിൽ ഫറവോന്റെ ഒരു ഉദ്യോഗസ്ഥനായി അകമ്പടിനായകനായ പോത്തീഫറിന്നു വിറ്റു.

യഹോവ യോസേഫിനോട് കൂടെ ഉണ്ടായിരുന്നതുകൊണ്ട് അവൻ കൃതാർത്ഥനായി, മിസ്രയീമ്യനായ യജമാനന്റെ വീട്ടിൽ പാർത്തു. യഹോവ അവനോടുകൂടെ ഉണ്ടെന്നും അവൻ ചെയ്യുന്നതൊക്കെയും യഹോവ സാധിപ്പിക്കുന്നു എന്നും അവന്റെ യജമാനൻ കണ്ടു.

അതുകൊണ്ടു യോസേഫ് അവന്നു ഇഷ്ടനായി ശുശ്രൂഷ ചെയ്തു; അവൻ അവനെ ഗൃഹവിചാരകനാക്കി, തനിക്കുള്ളതൊക്കെയും അവന്റെ കയ്യിൽ ഏൽപ്പിച്ചു.

അവൻ തന്റെ വീടിനും തനിക്കുള്ള സകലത്തിനും അവനെ വിചാരകനാക്കിയത് മുതൽ യഹോവ യോസേഫിന്റെ നിമിത്തം മിസ്രയീമ്യന്റെ വീടിനെ അനുഗ്രഹിച്ചു; വീടിനും വയലിനും അവനുള്ള സകലത്തിന്മേലും യഹോവയുടെ അനുഗ്രഹം ഉണ്ടായി. അവൻ തനിക്കുള്ളതൊക്കെയും യോസേഫിന്റെ കയ്യിൽ ഏൽപ്പിച്ചു; താൻ ഭക്ഷിക്കുന്ന ഭക്ഷണം ഒഴികെ അവന്റെ കൈവശം ഉള്ള മറ്റു യാതൊന്നും അവൻ അറിഞ്ഞില്ല. യോസേഫ് കോമളനും മനോഹരരൂപിയും ആയിരുന്നു.

പോത്തീഫറിന്റെ ഭാര്യ യോസേഫിനെ പാപം ചെയ്യാൻ പ്രേരിപ്പിച്ചു. അവൻ അതിന്നു സമ്മതിക്കാതെ യജമാനന്റെ ഭാര്യയോടു: ഇതാ, വീട്ടിൽ എന്റെ കൈവശമുള്ളത് യാതൊന്നും എന്റെ യജമാനൻ അറിയുന്നില്ല; തനിക്കുള്ളതൊക്കെയും എന്റെ കയ്യിൽ ഏല്പിച്ചിരിക്കുന്നു. ഈ വീട്ടിൽ എന്നേക്കാൾ വലിയവനില്ല; നീ അവന്റെ ഭാര്യയാകയാൽ നിന്നെ അല്ലാതെ മറ്റു യാതൊന്നും അവൻ എനിക്ക് വിരോധിച്ചിട്ടുമില്ല; അതുകൊണ്ടു ഞാൻ ഈ മഹാദോഷം പ്രവർത്തിച്ചു ദൈവത്തോട് പാപം ചെയ്യുന്നതെങ്ങനെ എന്ന് പറഞ്ഞു. അവൾ ദിനം പ്രതിയും യോസേഫിനോട് പറഞ്ഞിട്ടും അവളുടെ വാക്ക് കേൾക്കാൻ യോസേഫ് കൂട്ടാക്കിയില്ല. എന്നിട്ട് അവൾ തന്റെ ഭർത്താവിനോട് കള്ളം പറഞ്ഞു. യോസേഫിന്റെ യജമാനൻ അവനെ പിടിച്ചു രാജാവിന്റെ ബദ്ധന്മാർ കിടക്കുന്ന കാരാഗൃഹത്തിൽ ആക്കി; അങ്ങനെ അവൻ കാരാഗൃഹത്തിൽ കിടന്നു.

**യോസേഫ് കാരാഗൃഹപ്രമാണി ആയി**

എന്നാൽ യഹോവ യോസേഫിനോടുകൂടെ ഇരുന്നു, കാരാഗൃഹപ്രമാണിക്കു അവനോടു ദയ തോന്നത്തക്കവണ്ണം അവനു കൃപ നൽകി. കാരാഗൃഹത്തിലെ സകല ബദ്ധന്മാരെയും കാരാഗൃഹപ്രമാണി യോസേഫിന്റെ കയ്യിൽ ഏൽപ്പിച്ചു; അവരുടെ പ്രവർത്തിക്കൊക്കെയും അവൻ വിചാരകനായിരുന്നു. യഹോവേ അവനോടുകൂടെ ഇരുന്നു അവൻ ചെയ്തതൊക്കെയും സഫലമാക്കുക കൊണ്ടു അവന്റെ കൈക്കീഴുള്ള യാതൊന്നും കാരാഗൃഹപ്രമാണി നോക്കിയില്ല.

അനന്തരം മിസ്രയീം രാജാവിന്റെ പാനപാത്രവാഹകനും അപ്പക്കാരനും മിസ്രയീം രാജാവായ തങ്ങളുടെ യജമാനനോട് കുറ്റം ചെയ്തു. ഫറവോൻ പാനപാത്രവാഹകന്മാരുടെ പ്രമാണിയും അപ്പക്കാരുടെ പ്രമാണിയുമായ തന്റെ രണ്ടു ഉദ്യോഗസ്ഥന്മാരോട് കോപിച്ചു അവരെ അകമ്പടിനായകന്റെ വീട്ടിൽ യോസേഫ് ബദ്ധനായി കിടന്ന കാരാഗൃഹത്തിൽ ആക്കി. അകമ്പടിനായകൻ അവരെ യോസേഫിന്റെ പക്കൽ ഏൽപ്പിച്ചു; അവൻ അവർക്കു ശുശ്രൂഷ ചെയ്തു.

അനന്തരം മിസ്രയീം രാജാവിന്റെ പാനപാത്രവാഹകനും അപ്പക്കാരനും ഇങ്ങനെ കാരാഗൃഹത്തിൽ ബദ്ധരായിരുന്ന രണ്ടുപേരും ഒരു രാത്രിയിൽ തന്നെ വെവ്വേറെ അർത്ഥമുള്ള ഓരോ സ്വപ്നം കണ്ടു. രാവിലെ യോസേഫ് അവരുടെ അടുക്കൽ വന്നു നോക്കിയപ്പോൾ അവർ വിഷാദിച്ചിരിക്കുന്നത് കണ്ടു. അവൻ യജമാനന്റെ വീട്ടിൽ തന്നോടുകൂടെ തടവിൽ കിടക്കുന്നവരായ ഫറവോന്റെ ഉദ്യോഗസ്ഥന്മാരോട്: നിങ്ങൾ ഇന്ന് വിഷാദഭാവത്തോടെ ഇരിക്കുന്നത് എന്ത് എന്ന് ചോദിച്ചു. അവർ അവനോടു: ഞങ്ങൾ സ്വപ്നം കണ്ടു; വ്യാഖ്യാനിച്ചു തരുവാൻ ആരുമില്ല എന്ന് പറഞ്ഞു.

യോസേഫ് അവരോടു: സ്വപ്നവ്യാഖ്യാനം ദൈവത്തിനുള്ളതല്ലോ? അത് എന്നോട് പറവിൻ എന്ന് പറഞ്ഞു. അപ്പോൾ പാനപാത്രവാഹകന്മാരുടെ പ്രമാണി യോസേഫിനെ തന്റെ സ്വപ്നം അറിയിച്ചു പറഞ്ഞത്: എന്റെ സ്വപ്നത്തിൽ ഇതാ, എന്റെ മുന്നിൽ ഒരു മുന്തിരിവള്ളി. മുന്തിരിവള്ളിയിൽ മൂന്നു കൊമ്പു; അത് തളിർത്തു പൂത്തു; കുലകളിൽ മുന്തിരിങ്ങ പഴുത്തു. ഫറവോന്റെ പാനപാത്രം എന്റെ കയ്യിൽ ഉണ്ടായിരുന്നു; ഞാൻ മുന്തിരിപ്പഴം പറിച്ചു ഫറവോന്റെ പാനപാത്രത്തിൽ പിഴിഞ്ഞു: പാനപാത്രം ഫറവോന്റെ കയ്യിൽ കൊടുത്തു.

യോസേഫ് അവനോടു പറഞ്ഞത്: അതിന്റെ അർഥം ഇതാകുന്നു: മൂന്നു കൊമ്പു മൂന്നു ദിവസം. മൂന്നു ദിവസത്തിനകം ഫറവോൻ നിന്നെ കടാക്ഷിച്ചു, വീണ്ടും നിന്റെ സ്ഥാനത്തു ആക്കും. നീ പാനപാത്രവാഹകനായി മുമ്പിലത്തെ പതിവുപോലെ ഫറവോന്റെ കയ്യിൽ പാനപാത്രം കൊടുക്കും. എന്നാൽ നീ ശുഭമായിരിക്കുമ്പോൾ എന്നെ ഓർത്തു എന്നോട് ദയ ചെയ്തു ഫറവോനെ എന്റെ വസ്തുത ബോധിപ്പിച്ചു എന്നെ ഈ വീട്ടിൽനിന്നു വിടുവിക്കേണമേ. എന്നെ എബ്രായരുടെ ദേശത്തുനിന്നു കട്ടുകൊണ്ടുപോന്നതാകുന്നു; ഈ കുണ്ടറയിൽ എന്നെ ഇടേണ്ടതിന്നു ഞാൻ ഇവിടെയും യാതൊന്നും ചെയ്തിട്ടില്ല.


അർത്ഥം നല്ലതെന്നു അപ്പക്കാരുടെ പ്രമാണി കണ്ടിട്ടു യോസേഫിനോട്: ഞാനും സ്വപ്നത്തിൽ എന്റെ തലയിൽ വെളുത്ത അപ്പമുള്ള മൂന്നു കൊട്ട കണ്ടു. മേലത്തെ കൊട്ടയിൽ ഫറവോന്റെ വക അപ്പത്തരങ്ങൾ ഒക്കെയും ഉണ്ടായിരുന്നു; പക്ഷികൾ എന്റെ തലയിലെ കൊട്ടയിൽ നിന്നു അവയെ തിന്നുകളഞ്ഞു എന്ന് പറഞ്ഞു. അതിന്നു യോസേഫ്: അതിന്റെ അർത്ഥം ഇതാകുന്നു: മൂന്നു കൊട്ട മൂന്നു ദിവസം. മൂന്നു ദിവസത്തിനകം ഫറവോൻ നിന്റെ തല വെട്ടി നിന്നെ ഒരു മരത്തിന്മേൽ തൂക്കും; പക്ഷികൾ നിന്റെ മാംസം തിന്നുകളയും എന്ന് ഉത്തരം പറഞ്ഞു.

മൂന്നാം നാളിൽ ഫറവോന്റെ തിരുനാളിൽ അവൻ തന്റെ സകല ദാസന്മാർക്കും ഒരു വിരുന്നുകഴിച്ചു. തന്റെ ദാസന്മാരുടെ മദ്ധ്യേ പാനപാത്രവാഹകന്മാരുടെ പ്രമാണിയെയും അപ്പക്കാരുടെ പ്രമാണിയെയും ഓർത്തു. പാനപാത്രവാഹകന്മാരുടെ പ്രമാണിയെ ഫറവോന്റെ കയ്യിൽ പാനപാത്രം കൊടുക്കേണ്ടതിന്നു വീണ്ടും അവന്റെ സ്ഥാനത്തു ആക്കി. അപ്പക്കാരുടെ പ്രമാണിയെയോ അവൻ തൂക്കിച്ചു; യോസേഫ് അർത്ഥം പറഞ്ഞതുപോലെ തന്നെ. എങ്കിലും പാനപാത്രവാഹകന്മാരുടെ പ്രമാണി യോസേഫിനെ ഓർക്കാതെ അവനെ മറന്നുകളഞ്ഞു.

Reg.No. RNI NO. KER MAL / 2008 / 24642 Dt. 17-07-2008
This Magazine is translated from English Bible Standard Published by the Laymen's Home Missionary Movement - Bible Standard Ministries, 1156 St. Matthews Road, Chestersprings, PA 19425 - 2700, U.S.A. Editor, Leon J. Snyder.

## ഞങ്ങളുടെ മലയാളം പ്രസിദ്ധീകരണങ്ങൾ

- യഥാസ്ഥാപനം
- യേശുവിന്റെ രണ്ടാംവരവ്
- ഭൂമിയിൽ വരുവാനുള്ള ദിവ്യാധിപത്യം
- പൂർണ്ണ സുവിശേഷം
- നിങ്ങൾക്കറിയാമോ?
- സമാധാനം അതെങ്ങനെ കൈവരും?
- പുതിയ ഭൂമി
- ന്യായവിധി ദിവസം
- ആപൽക്കരമായ മലിനീകരണം
- ദൈവമോ സാത്താനോ വിജയിക്കുന്നത്?
- യഥാർത്ഥ സ്വാതന്ത്ര്യം
- ദൈവം നിങ്ങളെ സ്നേഹിക്കുന്നു
- പറുദീസയിലെ കള്ളന്മാർ
- യിസ്രായേലിന്റെ തിരിച്ചുവരവ്
- എന്താണ് സത്യം?
- മഹാപിരമിഡ്
- ജീവനും അമർത്യതയും
- ആത്മാവ് എന്നാൽ എന്ത്?
- മരിച്ചവരുടെ പുനരുത്ഥാനം
- നരകം ഒരു ദണ്ഡനസ്ഥലമല്ല
- മരിച്ചവർ എവിടെ?
- ധനവാനും ലാസറും എന്ന ഉപമ




Please write for Bible Standard and present Truth English and Tamil Magazines and Parozia, Epiphany Volumes and other English Publications to:-

**Bro. V. Vincent Jeyakumar**
**Representative of India**
Laymen's Home Missionary Movement
#4/81, Eluvaraimukki Main Road,
Eluvaraimukki Village,
Near Thoppur, Nazareth - 628 617,
Thoothukudi District, Tamil Nadu
Mob. : 9894926629
E-mail : vincentlhmm@gmail.com

Please write for Bible Standard Magazines and other publications in Malayalam to the following address:-

**Bro. K.O. Varghese**
**Aux. Pilgrim**
Laymen's Home Missionary Movement
Kilirukkunnel, Puthenchantha P.O.,
Vakathanam, Kottayam, Kerala - 686 538
Mob. : 9446969470, 9497534364
E-mail : kovaux.pgm6@gmail.com

Bible Standard (Malayalam) Bi-monthly Magazine, Owned, Printed, Published by K.O. Varghese, Aux. Pilgrim. L.H.M.M. Kilirukkunnel Puthenchantha P.O., Vakathanam, Kottayam, Kerala Pin- 686 538 Mobile. 9446969470, 9497534364 from Puthenchantha P.O., Vakathanam, Kottayam, Kerala -686 538 at Mukkam Graphics, Industrial Nagar P. O., Changanacherry - 686 106, Editor:- K.P. Mathai, Evangelist L.H.M.M., Kanayankal House, Chakampathal (P.O)., Vazhoor, Kottayam Dt. Kerala Pin- 686 517.

Visit us at : **www.biblestandardindia.com**